# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## കോഴിക്കോട് ജില്ലയിലെ ചെക്യാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

കോഴിക്കോട് ജില്ലാ ഓഡിറ്റ് ഓഫീസ് ജോയിന്റ്

ഡയറക്ടറുടെ കാര്യാലയം

e-mail: ddlfakkd@gmail.com.

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.എൽ.എഫ്.കെ.കെ.ഡി.പി11/1959/2018 തീയതി.05.10.2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്(സെക്രട്ടറി മുഖേന)

ചെക്യാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കോഴിക്കോട് ജില്ല – ചെക്യാട് ഗ്രാമ പഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെക്യാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടിഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ ,സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.കെ.കെ.ഡി.പി.11/1959/2018 തീയതി.05.10.2018

കോഴിക്കോട് ജില്ലയിലെ .ചെക്യാട് ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത് ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ ചെക്യാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01-04-2017 മുതൽ 07-07-2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ മറുപടി ലഭിച്ചിട്ടില്ല. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സതീഷ്മാവേലി പുത്തൻവീട്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 09/07/2018 മുതൽ 18/07/2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ബാലകൃഷ്ണൻ കെ.എം. | ഓഡിറ്റ് ഓഫീസർ |
| | ശ്യാംജിത് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ജയകുമാർ പാലോളി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | മനോഹരൻ എ.വി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ജാസിർ സി.എം. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | തൊടുവയിൽ മുഹമ്മദ്. | 01/04/2017മുതൽ |

| | | |
|---|---|---|
| | | 31/03/2017. വരെ |
| സെക്രട്ടറി | ലക്ഷ്മണൻ ആർ.എം. | 01/04/2017 മുതൽ 31/05/2017 വരെ |
| | അബ്ദുൽ ലത്തീഫ് അസിസ്റ്റന്റ് സെക്രട്ടറി (ഇൻചാർജ്) | 01/06/2017 മുതൽ 21/06/2017 വരെ |
| | രജ്ഞലാൽ എം പി. | 22/06/2017 മുതൽ 31/03/2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| വി.ഇ.ഒ. | ഭജീഷ് കെ. | 01/04/2017 മുതൽ 31/03/2018 വരെ |
| വി.ഇ.ഒ. | ബിജിത് കുമാർ പി. | 01/04/2017 മുതൽ 31/03/2018 വരെ |
| വെറ്ററിനറി സർജൻ. | അനീഷ് കെ.ആർ. | 01/04/2017മുതൽ 31/03/2018 വരെ |
| ഹെഡ്മാസ്റ്റർ | രാജൻ പി.പി. | 01/04/2017 മുതൽ 31/03/2018 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | അഖിൽ രാജ് | 01/04/2017 മുതൽ 31/03/2018 വരെ |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | പദ്മനാഭൻ | 01/04/2017 മുതൽ 31/03/2018 വരെ |
| കൃഷി ഓഫീസർ | ജിജ്ഞ ജെ.കെ.കെ. | 01/04/2017 മുതൽ 07/06/2017 വരെ |

| | | |
|---|---|---|
| | അശ്വതി സി.എൻ. | 08/06/2017 മുതൽ 05/12/2017 വരെ |
| | ഇബ്രായി കെ.എം. | 06/12/2017 മുതൽ 26/12/2017 വരെ |
| | ഐറിന സി.കെ. | 27/12/2017 മുതൽ 05/01/2018 വരെ |
| | ഇബ്രായി കെ.എൻ. | 06/01/2018 മുതൽ 31/03/2018 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നമ്പർ | ഭാഗം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഭാഗം-1 | 1-1 |
| 2 | ബജറ്റ് | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക | 1-3 |
| 4 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-4 |
| 5 | സാമ്പത്തിക വിശകലനം | 1-5 |
| 6 | ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) | 1-6 |
| 7 | പദ്ധതി അവലോകനം | 1-7 |
| 8 | തൊഴലുറപ്പ് പദ്ധതി | 1-8 |
| 9 | സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി | 1-9 |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-10 |

| | | |
|---|---|---|
| 11 | ആഭ്യന്തരനിയന്ത്രണം | 1-11 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-12 |
| 13 | വാർഷിക കണക്കുകളിലെ അപാകതകൾ | |
| | ഭാഗം-2 | |
| 14 | ബഡ്ജറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ | 2-1 |
| 15 | നികുതി പിരിവിലെ അപാകതകൾ | 2-2 |
| 16 | രജിസ്റ്ററുകളുടെ സൂക്ഷിപ്പ് | 2-3 |
| | ഭാഗം-3 | |
| 17 | പൊതുഭരണം | 3-1 |
| 18 | കാർഷിക മേഖലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ നടത്തിപ്പ് | 3-2 |
| 19 | ആവശ്യത്തിന് ഗുണഭോക്താക്കളെകിട്ടാഞ്ഞതിനാൽ ആട്ടുവിതരണം പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. | 3-3 |
| 20 | ഭവനപുനരുദ്ധാരണം ,മേൽക്കൂരമാറ്റൽ പദ്ധതികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം | 3-4 |
| 21 | വിദ്യാഭ്യാസമേഖലയിലെ പദ്ധതി നിർവ്വഹണം | 3-5 |
| 22 | പൊതുമരാമത്ത് പ്രവത്തികളുടെ നടത്തിപ്പ് | 3-6 |
| 23 | ആരോഗ്യമേഖലയിലെ പ്രോജക്ടുകളുടെ നടത്തിപ്പ് | 3-7 |
| 24 | സ്റ്റാറ്റസ് റിപ്പോർട്ടിനനുസൃതമായി പദ്ധതിക്ക് തുകവക യിരുത്തുന്നില്ല-ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നല്കാൻ വൈകുന്നു | 3-8 |
| 25 | പദ്ധതി ആസൂത്രണത്തിലെ പിഴവ്- അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പിലാക്കുന്നില്ല. | 3-9 |
| 26 | ഭവന നിർമ്മാണം - അപാകതകൾ | 3-10 |
| 27 | പഠനമുറി പൂർത്തിയാക്കിയില്ല | 3-11 |

| | | |
|---|---|---|
| | ഭാഗം-4 | |
| 28 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 29 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത് | 4-3 |
| 31 | വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം. | 4-4 |
| 32 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 33 | ഓഡിറ്റ് റിക്കവറി | 4-6 |
| 34 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 35 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം-1 | |
| 38 | ഓഡിറ്റ് സാക്ഷ്യപത്രം | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2017-18 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | (പുതുക്കിയത്) |
|---|---|
| 45/17 തീ.20/03/17 | 35/18, 08.03.2018 |

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 07/06/18 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഈ ഓഫീസിലെ കെ.എസ്.എ.കെ.കെ.ഡി.ഇ.2/1111/2018(9) തീയതി 06.07.2018 ആയി പുറപ്പെടുവിച്ചിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 15141821.97 |
| വരവ് | 53780903 |
| ആകെ | 68922724.97 |
| ചെലവ് | 60921554 |
| നീക്കിബാക്കി | 8001170.97 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കിബാക്കി(RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | 11844000 | 11844000 | 10686200 | 1157800 | - |
| വികസന ഫണ്ട്(എസ്.സി.പി) | | 771529 | 771529 | 497696 | 273833 | - |
| വികസനഫണ്ട്(ടി.എസ്.പി) | | 593759 | 593759 | 478062 | 15697 | - |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | | 15973000 | 15973000 | 15973000 | - | - |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | | 2651000 | 2651000 | 2076505 | 574495 | - - |
| ധനകാര്യ കമ്മീഷൻ അവാർഡ് | | 5477904 | 5477904 | 5477904 | - | - |
| ലോക ബാങ്ക് സഹായം | | 2867786 | 2867786 | 2377972 | 489814 | - |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 167 | 117 | 9 | 41 | 70 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി | 08 | 07 | 2705656 | 1564111 | 57.87 |
| മൃഗസംരക്ഷണം | 04 | 04 | 1124146 | 996000 | 88.6 |
| വി.ഇ.ഒ | 14 | 12 | 6741286 | 2874286 | 42.63 |
| ഡയറി | 01 | 01 | 317000 | 314190 | 99.11 |
| സെക്രട്ടറി | 18 | 07 | 4912728 | 1013349 | 20.62 |
| ഏ.ഇ. | 98 | 93 | 44737838 | 27215100 | 60.78 |
| മെഡിക്കൽ ഓഫീസർ (പിഎച്ച്സി) | 5 | 5 | 1450000 | 1313562 | 90. |
| ഹെഡ്മാസ്റ്റർ | 8 | 6 | 1285000 | 1063360 | 82.70 |
| ഐ.സി.ഡി.എസ്. | 5 | 4 | 4439484 | 3419117 | 77 |
| വി.ഇ.ഒ | 14 | 12 | 6741286 | 2874286 | 43 |
| അസിസ്റ്റന്റ് സെക്രട്ടറി | 7 | 4 | 1035500 | 681450 | 66 |

## 1-7 തൊഴലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1081.43 | 1333451 | 1334532.43 | 620583 | 713949.43 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 30180583 | 30180583 | 30180583 | - |
| ആകെ | 1081.43 | 31514034 | 31515115.43 | 30801166 | 713949.43 |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി.

| ക്രമ നം. | പദ്ധതി | 2017-18 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനെമടുത്തവ | നിരസിച്ചവ | നിശ്ചിത ദിവസത്തിന് ശേഷം അനുവദിച്ചത് |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 15 | 03 | 01 | 11 |
| 2 | തൊഴിൽ രഹിത വേതനം | 01 | - | 01 | - |
| 3 | വിധവാ പെൻഷൻ | 54 | 09 | - | 45 |
| 4 | വികലാംഗ പെൻഷൻ | 20 | 06 | 02 | 12 |
| | അവിവാഹിതരായ | 01 | - | - | 01 |

| | | | | | |
|---|---|---|---|---|---|
| | സ്ത്രീകൾക്കുള്ള പെൻഷൻ | | | | |
| 6 | വാർദ്ധകൃകാല പെൻഷൻ | 184 | 09 | 03 | 86 (തീർപ്പാക്കാനവശേഷിക്കുന്നത്- 86) |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13/07/2018 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 12128 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്ത് അവശ്യം തയ്യാറാക്കി സൂക്ഷിക്കേണ്ട രജിസ്റ്ററുകളായ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ, വസ്തുനികുതി നികുതി ഡിമാന്റ് രജിസ്റ്റർ എന്നിവ അപൂർണമാണ്.ഫണ്ട് ഓഫീസ് ഡയറി എഴുതി സൂക്ഷിച്ചിട്ടില്ല.അസി.സെക്രട്ടറി ടി.ആർ 7എ കേഷ്ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല. (ഖണ്ഡിക 2-3കാണുക). രജിസ്റ്ററുകൾ പലതും മേലുദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.റെക്കോർഡ് റൂമില്ല. പ്രതിമാസം സ്റ്റാഫ് മീറ്റിംഗ് വിളിച്ച് ചേർക്കുന്നില്ല. ഓഫീസ് തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടോയെന്ന് മേലുദ്യോഗസ്ഥരും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പരിശോധിച്ച് ഉറപ്പാക്കുന്നില്ല. (ഖണ്ഡിക 3-1 കാണുക)

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 11/04/18 മുതൽ 12/04/18 വരെ | 01/02/18 മുതൽ 31/03/18 വരെ | ലഭിച്ചിട്ടില്ല | ഇല്ല |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 30/07/2013 മുതൽ 17/08/2013 വരെ | 2008-09 മുതൽ 2012-13 വരെ | 10/10/2013 | ഇല്ല |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

1)തനത് ഫണ്ടിന് എ.സി.ആർ സൂക്ഷിക്കാത്തതിനാൽ 31/03/2018 ന്റെ തനത്ഫണ്ട് നീക്കിയിരിപ്പിന്റെ കൃത്യമായ കണക്ക് പഞ്ചായത്തിൽ ലഭ്യമല്ല.

2)ട്രേഡേഴ്സ് ലിസ്റ്റ് ശരിയായ രീതിയിൽ തയ്യാറാക്കി എഴുതി സൂക്ഷിക്കാത്തതിനാൽ ഡി&ഒ ലൈസൻസ് ഫീ,തൊഴിൽ നികുതി എന്നിവയുടെ ഡിമാന്റിന്റെ കൃത്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

വാർഷിക കണക്ക് പരിശോധിച്ച് ഖണ്ഡിക (12) പ്രകാരം പുറപ്പെടുവിച്ച ഓഡിറ്റ് സാക്ഷ്യപത്രത്തിലെ ചുവടെ ചേർത്തിരിക്കുന്ന അപാകതകൾ പരിഹരിച്ചിട്ടില്ല.

1. വാർഷിക കണക്ക് പ്രകാരമുള്ള വരവ് ചെലവുകളും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള വരവ് ചെലവുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | വാർഷിക കണക്ക് പ്രകാരം വരവ് | എ.സി.ആർ പ്രകാരം വരവ്/ ചെലവ്. |
|---|---|---|
| വികസന ഫണ്ട് ജനറൽ | 10206008 | 10693400 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 1075266 | 2076505 |
| K.L.G.S.D.P. ഗ്രാന്റ്. | 2321672 | 2377972 |
| C.F.C ഗ്രാന്റ്. | 4054151 | 5477904 |

വ്യത്യാസത്തിനുള്ള കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല.
2. ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പിന് ജില്ലാ പഞ്ചായത്ത് വിഹിതം ഇനത്തിൽ 31.03.2018 ന് വരവ് വന്ന 40000 രൂപ (ട്രഷറി ടി.എസ്.ബി, ജോയിന്റ് വെഞ്ചർ )വാർഷിക കണക്കിൽ വരവിൽ എടുത്തിട്ടില്ല.
3. സാമ്പത്തിക വർഷം ട്രഷറി ടി.എസ്.ബി കളിൽ നിന്നും സർക്കാർ തിരിച്ചെടുത്ത ആകെ തുക 8564173 രൂപയാണ്. (7826101+7380072 ).എന്നാൽ ബാലൻസ് ഷീറ്റിൽ ഈ ഇനത്തിൽ കിട്ടാനുള്ള തുകയായി 7826101 രൂപ മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. (ഷെഡ്യൂൾ ബി-15 കാണുക )
4.ട്രഷറി സ്പെഷ്യൽ ടി.എസ്.ബി, ജോയിന്റ് വെഞ്ചർ ബാങ്ക് ബുക്ക് ഷെഡ്യൂൾ RP-40(ബി) എന്നിവ പ്രകാരം 31.03.2018 ലെ എക്കൗണ്ടിൽ നീക്കിയിരിപ്പ് 601148 രൂപയാണ്.എന്നാൽ പ്രസ്തുത എക്കൗണ്ടിന്റെ ട്രഷറി സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 31.03.2018 ന് 122008 രൂപ മാത്രമെ നീക്കിയിരിപ്പായി അവശേഷിക്കുന്നുള്ളു. 31.03.2018 ന് 905080 രൂപ പാസ്ബുക്ക് നീക്കിയിരിപ്പ് കാണിച്ചാണ് റീ കൺസീലിയേഷൻ നടത്തിയിരിക്കുന്നത്. ആയത് 26.02.2018 പ്രകാരമുള്ള ബാലൻസ് തുകയാണ്.
5. പഞ്ചായത്ത് നൽകിയിട്ടുള്ളതും 3 മാസത്തിലധികമായി ക്യാഷ് ചെയ്യാത്തതുമായ ചെക്കുകളെ Liability Inrespect of Stale cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. ഇത്തരത്തിൽ 14 ചെക്കുകളിലായി 21824 രൂപ പ്രസ്തുത ശീർഷകത്തിലേക്ക് മാറ്റാനുണ്ട്.
6. ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റുകൾ ഭൂരിഭാഗവും തനത് ഫണ്ട് അക്കൗണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നത്. ഇത്തരം തുകകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടില്ല.
7.ഡെപ്പോസിറ്റ് വർക്കുകൾക്ക് വേണ്ടി നിർവ്വഹണ ഏജൻസികൾക്ക് നൽകിയ തുക (തെരുവ് വിളക്കുകൾക്ക് ലൈൻ വലിക്കുന്നതിനായി 2 പ്രൊജക്ടുകളിലായി 676481 രൂപ കെ.എസ്.ഇ.ബി യിൽ നിക്ഷേപിച്ചത്) Advance to Implementing Agencies എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തിയിട്ടില്ല.
8. കെട്ടിട നികുതി ഡിമാന്റ് രജിസ്റ്റർ, മിസലേനിയസ് ഡിമാന്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ,ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബഡ്ജറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ

കേരളപഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ -214, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഡ്ജറ്റ് മാന്വൽ എന്നിവ പ്രകാരം ബജറ്റ് തയ്യാറാക്കുമ്പോൾ ചുവടെ ചേർക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

(1)ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തന്നാണ്ട വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകളും ബജറ്റ് വർഷത്തേക്കുള്ള പ്രൊപ്പോസലുകളും സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്.

(2)സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ ജനുവരി മാസം ആദ്യ വാരത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിക്കണം.ജനുവരി 15 നകം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ലഭിക്കണം.

(3)ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ നിർദ്ദേശങ്ങൾ ചർച്ച ചെയ്ത് വരുമാന സ്രോതസ്സുകളുടെ അടിസ്ഥാനത്തിൽ കരട് ബജറ്റ് തയ്യാറാക്കുകയും ആവശ്യമെങ്കിൽ ആയതിലേക്ക് മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരെയും ഉദ്യോഗസ്ഥരെയും ക്ഷണിക്കേണ്ടതുമാണ്.

എന്നാൽ ചെക്യാട് ഗ്രാമപഞ്ചായത്തിൽ ബന്ധപ്പെട്ട സെക്ഷൻ, ബഡ്ജറ്റ് മാന്വൽ എന്നിവ പ്രകാരമല്ല ബജറ്റ് പാസ്സാക്കിയിരിക്കുന്നത്.27/02/2017 നാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് തയ്യാറാക്കുന്നതിനായി യോഗം ചേർന്നത്. ബജറ്റ് പാസ്സാക്കുന്നതിന് മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി റവന്യൂ ചെലവുകൾക്കായി സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും നിർദ്ദേശങ്ങൾ ആവശ്യപ്പെടുകയോ വിവിധ ഘടകസ്ഥാപനങ്ങളിലെ വരവ്-ചെലവ് സംബന്ധിച്ച സംക്ഷിപ്തം തയ്യാറാക്കുകയോ ചെയ്തതായി കാണുന്നില്ല.

പഞ്ചായത്തിന് ലഭിക്കുവാൻ സാധ്യതയുള്ള പുതിയ വരുമാന സ്രോതസ്സുകൾ ബജറ്റ് രൂപീകരണ വേളയിൽ പരിഗണിച്ചിട്ടില്ല. ഉദാ: കെട്ടിട നികുതി ഗ്രാമ പഞ്ചായത്തിൽ ഘടനാപരമായ മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ നികുതി ഫീൽഡ് അന്വേഷണം നടത്തി പുനർനിർണ്ണയിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റം വരുത്തിയാൽ പഞ്ചായത്തിന് കെട്ടിട നികുതിയിനത്തിൽ വരുമാന വർദ്ധനവിന് സാധ്യതയുള്ളതിനാൽ ആയത് ഉറപ്പാക്കാവുന്നതാണ്.

## 2-2 നികുതി പിരിവിലെ അപാകതകൾ

(എ) ചട്ടങ്ങൾ പാലിക്കാതെ വസ്തു നികുതി എഴുതിത്തള്ളി

ചെക്യാട് ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് പരിശോധിച്ചതിൽ 5/12/2017 തിയ്യതിയിലെ തീരുമാനം നമ്പർ-3 , 26/12/2017 തിയ്യതിയിലെ തീരുമാനം നമ്പർ-2 എന്നിവ പ്രകാരം 166 കെട്ടിടങ്ങളെ 2013-14 സാമ്പത്തിക വർഷം മുതൽ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. വസ്തു നികുതിയിൽ നിന്നും ഒഴിവാക്കികിട്ടുന്നതിനുള്ള മേൽ 166 അപേക്ഷൾ 2017-18 സാമ്പത്തിക വർഷം രണ്ടാം പാദത്തിലാണ് ലഭിച്ചിട്ടുള്ളത്.

1998-ലെ കേരള പഞ്ചായത്ത് രാജ് (വസൂലാക്കാൻ സാധിക്കാത്ത തുകകൾ എഴുതിത്തള്ളൽ ) ചട്ടങ്ങളിലെ ചട്ടം -3 (1)പ്രകാരം വസൂലാക്കാൻ സാധിക്കാത്തതായ തുകകളെ സംബന്ധിച്ച് അവ വസൂലാക്കാൻ ചുമതലപ്പെട്ട ജീവനക്കാരൻ അതിനുള്ള കാരണങ്ങൾ സഹിതം സെക്രട്ടറിക്ക് റിപ്പോർട്ട് ചെയ്യേണ്ടതും, സെക്രട്ടറി അത് പരിശോധിച്ച് കുടിശ്ശികക്കാരനിൽ നിന്നും തുക ഈടാക്കുന്നതിനുള്ള നിയമപരമായ എല്ലാ നടപടിക്രമങ്ങളും സ്വീകരിച്ചുവെങ്കിലും അവ പരാജയപ്പെട്ടുവെന്നും കുടിശ്ശികക്കാരനിൽ നിന്നും ജപ്തി മുഖേന തുക ഈടാക്കാൻ അയാൾക്ക് വസ്തുവകകളൊന്നും ഇല്ലെന്നും സാക്ഷ്യപ്പെടുത്തുകയും അങ്ങനെയുള്ള എല്ലാ തുകകളുടെയും ഒരു ലിസ്റ്റ് ,തുക എഴുതിത്തള്ളേണ്ടതിന്റെ കാരണങ്ങൾ കാണിച്ച് കൊണ്ടുള്ള റിപ്പോർട്ട് സഹിതം, ആറു മാസത്തിലൊരിക്കൽ തയ്യാറാക്കി പഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതുമാണ്.സെക്രട്ടറിയുടെ റിപ്പോർട്ട് പരിഗണിച്ച ശേഷം സ്റ്റാന്റിംഗ് കമ്മിറ്റിക്ക് തുക എഴുതിത്തള്ളാൻ പഞ്ചായത്തിനോട് ശുപാർശ ചെയ്യാവുന്നതാണ്.പഞ്ചായത്ത് കമ്മിറ്റി അങ്ങനെയുള്ള തുക എഴുതിത്തള്ളുന്ന കാര്യം പരിഗണിക്കുമ്പോൾ കുടിശ്ശിക ഈടാക്കാൻ വേണ്ടി സാധിക്കുന്ന എല്ലാ നടപടികളും കൈക്കൊണ്ടിരുന്നുവെന്നും അത് ഈടാക്കാനുള്ള സാധ്യത വളരെ കുറവാണ് എന്ന് ഉറപ്പാക്കേണ്ടതാണ്. ചട്ടം-3(3) പ്രകാരം തുക ഈടാക്കാൻ സാധിക്കുകയില്ലെന്ന് പഞ്ചായത്തിന് ബോദ്ധ്യം വന്നാൽ ഓരോ കേസിലും ഗ്രാമപഞ്ചായത്തിന് 1000 രൂപ എന്ന പരമാവധിയിൽ കവിയാത്ത തുക എഴുതിത്തള്ളാൻ തീരുമാനിക്കാവുന്നതാണ്. തുക പരമാവധിയിൽ കൂടുതലാണെങ്കിൽ കേരള

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെയും സർക്കാരിന്റെയും അംഗീകാരം വാങ്ങിയശേഷം മാത്രം പഞ്ചായത്തിന് എഴുതിത്തള്ളാവുന്നതാണ്. 3(5) പ്രകാരം ഒരു തുക എഴുതിത്തള്ളാൻ ഉള്ള നിർദ്ദേശം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചാൽ, സെക്രട്ടറി അത് സംബന്ധിച്ച വിവരങ്ങൾ ഈ ചട്ടങ്ങൾക്കനുസൃതമായി നിശ്ചിതമാതൃകയിൽ ഉള്ള ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. ചട്ടം-3(6) പ്രകാരം നികുതിയോ, ഫീസോ, മറ്റേതെങ്കിലും തുകയോ എഴുതിത്തള്ളാനുള്ള അംഗീകാരം കിട്ടിയാൽ ഉടൻ തന്നെ, സെക്രട്ടറി അതുമായി ബന്ധപ്പെട്ട നോട്ടീസുകൾ, ബില്ലുകൾ, വാറണ്ടുകൾ (ഫോയിലും കൌണ്ടർ ഫോയിലും അടക്കം) മുതലായ എല്ലാ രേഖകളിലും എഴുതിത്തള്ളൽ ഉത്തരവിന്റെ നമ്പരും തീയതിയും രേഖപ്പെടുത്തിയശേഷം " എഴുതിത്തള്ളി " എന്ന് മുദ്ര കുത്തേണ്ടതാണ്.ഡിമാന്റ് രജിസ്റ്ററിലും ആവശ്യമായ വിവരങ്ങൾചേർക്കേണ്ടതാണ്. എഴുതിത്തള്ളൽ ഉത്തരവിന്റെ ഒരു പകർപ്പ് ഓഡിറ്റർക്ക് അയച്ചു കൊടുക്കേണ്ടതും ഒരു പകർപ്പ് അതത് പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതും ഗ്രാമ പഞ്ചായത്ത് അവ തൊട്ടടുത്ത ഗ്രാമ സഭാ യോഗത്തിൽ അറിയിക്കേണ്ടതുമാണ്.എഴുതിത്തള്ളിയ തുകകൾ സംബന്ധിച്ച് എഴുതിത്തള്ളൽ രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്( വസൂലാക്കാൻ സാധിക്കാത്ത തുകകൾ എഴുതിത്തള്ളൽ ചട്ടത്തിലെ 3ാം ചട്ടം(5) ാം ഉപചട്ടം കാണുക).

എന്നാൽ മേൽ ചട്ടം പാലിക്കാതെയാണ് ഗ്രാമപഞ്ചായത്ത് വസ്തു നികുതി എഴുതി തള്ളിയത്. മേൽ കെട്ടിടങ്ങളുടെ ഒഴിവാക്കിയ വസ്തുനികുതി തുക സംബന്ധിച്ച വിവരങ്ങൾ ധനകാര്യ സ്റ്റ്റാന്റിംഗ് കമ്മിറ്റി മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കുന്നത് സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടില്ല.സ്റ്റാന്റിംഗ് കമ്മിറ്റിയിൽ വിശദമായ ചർച്ച നടന്നിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി സമർപ്പിച്ചിട്ടില്ല.വിശദമായഫീൽഡ് റിപ്പോർട്ട് സെക്ഷൻ മേലുദ്യോഗസ്ഥർക്ക് സമർപ്പിക്കുകയോ മേലുദ്യോഗസ്ഥർ എന്തെങ്കിലും നിർദ്ദേശം നൽകുകയോ ചെയ്തിട്ടില്ല. നികുതിയിനത്തിലുള്ള വരുമാനം പഞ്ചായത്തിന് നഷ്ടപ്പെടുന്നില്ല എന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

ചെക്യാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തിലെ ധനകാര്യ പത്രിക പ്രകാരം വസ്തു നികുതി കുടിശ്ശിക തുക 14,77,163/-(പതിനാല് ലക്ഷത്തി എഴുപത്തി ഏഴായിരത്തി നൂറ്റി അറുപത്തി മൂന്ന് ) രൂപയാണ്. 2017-18 സാമ്പത്തികവർഷത്തിൽ പിരിച്ചെടുത്ത വസ്തു നികുതി കുടിശ്ശിക 10,02,739/- (പത്ത് ലക്ഷത്തി രണ്ടായിരത്തി എഴുന്നൂറ്റി മുപ്പത്തി ഒൻപത് ) രൂപയാണ്. 474424/- രൂപയുടെ കുറവ് (മുൻവർഷം ബാലൻസ് ഷീറ്റ് പ്രകാരം പിരിച്ചെടുക്കാൻ അവശേഷിക്കുന്നത്, വാർഷിക കണക്കിലുള്ളതിൽ നിന്നും) ഉള്ളതായി കാണുന്നു. 2017 -18 സാമ്പത്തികവർഷത്തിലെ ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് പ്രകാരം വസ്തു നികുതിക്ക് കുടിശ്ശിക ലഭിക്കാനില്ല.474424/- രൂപയുടെ വ്യത്യാസം 2 സാമ്പത്തിക വർഷത്തെയും കുടിശ്ശിക ഡിമാന്റുകൾ തമ്മിൽ നിലനിൽക്കുന്നു.

(ബി) തൊഴിൽ നികുതി അപാകതകൾ

2017-18 വർഷത്തെ തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് ,ഡിമാന്റ് രജിസ്റ്റർ,അനുബന്ധ ഫയലുകൾ എന്നിവ പരിശോധിച്ചതിൽ തൻവർഷം തൊഴിൽനികുതി പിരിച്ചെടുത്തതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

(എ) തൊഴിൽനികുതി പിരിച്ചെടുക്കുന്നതിന് നോട്ടീസ് നൽകേണ്ട സ്ഥാപനങ്ങളുടെ പേര് വിവരങ്ങൾ രേഖപ്പെടുത്തിയ സ്ഥാപനരജിസ്റ്റർ തൻവർഷം എഴുതി സൂക്ഷിച്ചിട്ടില്ല. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ,അനുബന്ധ ഫയലുകൾ എന്നിവ സൂപ്പർവൈസിങ് ഓഫീസറായ ഹെഡ് ക്ലാർക്ക് സാക്ഷ്യപ്പെടുത്തിയിട്ടില്ല.
(ബി)ഗ്രാമപഞ്ചായത്തിലെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും 2017-18 സാമ്പത്തിക വർഷം തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ലയെന്ന് കാണുന്നു.

(1)ബി.എസ്.എഫ് കേന്ദ്രം-അരീക്കരക്കുന്ന്

(2)അൽബിർ പബ്ലിക് സ്കൂൾ

(3)സഖാഫത്തുൽ ഇസ്ലാം അറബിക് കോളേജ് പബ്ലിക് സ്കൂൾ-ഉമ്മത്തൂർ

(4)ഐഡന്റിറ്റി കോളേജ് പുളിയാവ്-വേവം

(5)സഖാഫത്തുൽ വിമൻസ് കോളേജ് ഉമ്മത്തൂർ

(6)അക്ഷയ സെന്റർ-പാറക്കടവ്

രജിസ്റ്ററുകളുടെ സൂക്ഷിപ്പ്, തൊഴിൽ നികുതി ഈടാക്കാൻ ബാക്കിയുള്ള സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കൽ എന്നിവയുടെ മേൽ നോട്ടം ബന്ധപ്പെട്ട മേലുദ്യോഗസ്ഥർ ,ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ ഉറപ്പാക്കി അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 2-3 രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

(1)ട്രേഡേഴ്സ് ലിസ്റ്റ് അപൂർണ്ണം

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന മുഴുവൻ വ്യാപാരസ്ഥാപനങ്ങളുടെയും നടത്തിപ്പുകാരുടെയും വിവരങ്ങളടങ്ങിയ പട്ടിക വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് എഴുതി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ചെക്യാട് ഗ്രാമപഞ്ചായത്തിൽ ഡി&ഒ ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളുടെ വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിൽ മാറ്റിയെഴുതിയാണ് സെക്ഷൻ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത്.ആവശ്യമായ ഫീൽഡ് പരിശോധന നടത്തിയിട്ടാണ് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടിയിരുന്നത്.എന്നാൽ ട്രേഡേഴ്സ് ലിസ്റ്റ് മേലുദ്യോഗസ്ഥൻ പരിശോധിക്കുകയോ ഫീൽഡ് പരിശോധന നടത്താൻ വേണ്ട നിർദ്ദേശം കൊടുക്കുകയോ ചെയ്തു കാണുന്നില്ല. സെക്രട്ടറി ഇത് സംബന്ധിച്ച ഓഫീസ് ഉത്തരവ് പുറപ്പെടുവിച്ചതായും കാണുന്നില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ

മിനുട്സ് പരിശോധിച്ചതിൽ ഇക്കാര്യം ചർച്ചയ്ക്ക് വിധേയമാക്കുകയോ ജീവനക്കാർക്ക് ആവശ്യമായ നിർദ്ദേശം നൽകുകയോ ചെയ്തു കാണുന്നില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടലിലൂടെ പഞ്ചായത്തിന് ലഭിക്കേണ്ട തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് സാധ്യമാകും എന്നതിനാൽ ആയതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

**(2)**രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

(1)വസ്തു നികുതി സംബന്ധിച്ച ഡിമാന്റ് ,കളക്ഷൻ ,ബാലൻസ് രജിസ്റ്റർ (ഡി.സി.ബി )തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

(2) നിർമ്മാണം പൂർത്തിയായതിന് ശേഷം ഘടനാപരമായ മാറ്റങ്ങൾ വന്നിട്ടുള്ള കെട്ടിടങ്ങൾ കണ്ടെത്തി, നികുതി പുനർനിർണ്ണയിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

(3)വേക്കൻസി റെമിഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

(4)ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ കൃത്യമായി വിവരങ്ങൾ ചേർത്ത് പൂർത്തിയാക്കിയിട്ടില്ല.

(5)ബിൽഡിംഗ് പെർമിറ്റില്ലാതെ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് കെട്ടിട നമ്പർ അനുവദിക്കുന്ന സംഗതികളിൽ കെട്ടിട ക്രമവത്കരണ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

(6)അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തുന്ന പ്രോജക്ടുകളിൽ വർക്ക് രജിസ്റ്റർ, പ്രോജക്ട് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല.റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

(7)നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്ടുകളുടെ വരവ്-ചെലവ് കണക്കുകൾ TR-7 A ക്യാഷ് ബുക്കിൽ എഴുതി സൂക്ഷിക്കുന്നില്ല.
ഗ്രാമപഞ്ചായത്ത് എഴുതി സൂക്ഷിക്കേണ്ട മേൽ രജിസ്റ്ററുകൾ എഴുതിസൂക്ഷിക്കേണ്ടത് സുതാര്യമായ കണക്കെഴുത്തിനും ലഭിക്കേണ്ട മുഴുവൻ വരുമാനവും പിരിച്ചെടുക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനും അത്യാവശ്യമാണ്.ഇക്കാര്യം മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥരും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഉറപ്പു വരുത്തേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പൊതുഭരണം

(എ) മേലുദ്യോഗസ്ഥർ,ധനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റി എന്നിവർ മേൽനോട്ട ചുമതല നിർവ്വഹിക്കുന്നില്ല

ഗ്രാമപഞ്ചായത്ത് തൻവർഷം എഴുതി സൂക്ഷിച്ച രജിസ്റ്ററുകൾ, വൗച്ചറുകൾ,ഓഫീസ് ഓർഡർ,സ്റ്റാഫ്മീറ്റിംഗ് മിനുട്സ്, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് ഉടങ്ങിയവ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന്റെ സുഗമവും സുതാര്യവുമായ

നടത്തിപ്പിന് ആവശ്യമായ തരത്തിലുള്ള മേൽനോട്ടച്ചുമതല, (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഫീസ് മാനേജ്മെന്റ് മാന്വൽ കൂടി കാണുക) ഹെഡ്ക്ലർക്ക്, അസി.സെക്രട്ടറി, സെക്രട്ടറി ,ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ നിർവ്വഹിക്കുന്നതായി കാണുന്നില്ല.

13/07/17 ന് ജീവനക്കാരുടെ ചുമതലകൾ വ്യക്തമാക്കുന്ന ഓഫീസ് ഉത്തരവ് സെക്രട്ടറി പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവിലെ വ്യവസ്ഥകളിലേറെയും പാലിക്കപ്പെടുന്നില്ല.ഓഫീസ് ഉത്തരവ് പാലിക്കുന്നുണ്ടോയെന്ന് മേലുദ്യോഗസ്ഥർ ഉറപ്പ് വരുത്തുന്നില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പൊതുഭരണം മെച്ചപ്പെടുത്തുന്നതിന് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നതായോ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഇക്കാര്യം അജണ്ട വെച്ച് ചർച്ച ചെയ്തതായോ കാണുന്നില്ല. പ്രതിമാസം സ്റ്റാഫ്മീറ്റിംഗ് വിളിച്ച് ചേർക്കുന്നില്ല.17-18 വർഷം 5 തവണ മാത്രമാണ് സ്റ്റാഫ്മീറ്റിംഗ് വിളിച്ചുചേർത്തത്.തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടോയെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല.

ജീവനക്കാർ പേഴ്സണൽ രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കണമെന്ന് ഓഫീസ് ഉത്തരവിൽ വ്യക്തമാക്കുകയും അതനുസരിച്ച് സ്റ്റാഫ് മീറ്റിംഗിൽ തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്.എന്നാൽ സെക്ഷനുകൾ എഴുതി സൂക്ഷിക്കുന്ന പേഴ്സണൽ രജിസ്റ്ററുകൾ പരിശോധിച്ചതിൽ ഫയൽ മേലുദ്യോഗസ്ഥന് സമർപ്പിച്ചതിന്റെയോ തീർപ്പാക്കിയതിന്റെയോ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.സെക്ഷനുകളിൽ സ്വീകരിച്ച ഫയലുകളുടെ വിവരങ്ങൾ മാത്രമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്.റണ്ണിംഗ് നോട്ട് സൂക്ഷിക്കുന്നില്ല.പേഴ്സണൽ രജിസ്റ്റർ മേലുദ്യോഗസ്ഥന് സമർപ്പിക്കുകയോ മേലുദ്യോഗസ്ഥൻ പരിശോധിക്കുകയോ ചെയ്യുന്നില്ല.ആയതിനാൽ ലഭിച്ച ഫയലുകളുടെ എണ്ണം തീർപ്പാക്കിയവ എന്നിവ നിർണയിക്കാനോ കഴിയില്ല.ആദ്യം അപേക്ഷിച്ചവർക്കു തന്നെ ആദ്യം സേവനം നൽകുന്നു എന്ന് ഉറപ്പുവരുത്തുന്നതിനോ പഞ്ചായത്തിന് കഴിയാതെ വരുന്നു.

വിവരാവകാശം, കോടതികളിൽ നിലവിലുള്ള കേസുകൾ എന്നിവയുടെ ഫയൽ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ രജിസ്റ്ററുകൾ മേലുദ്യോഗസ്ഥൻ പരിശോധിച്ച് ഒപ്പുവെക്കുന്നില്ല.31/10/17,29/08/17,19/05/18,11/06/18 എന്നീ തിയ്യതികളിൽ ലഭിച്ച വിവരാവകാശ അപേക്ഷകൾ തീർപ്പാക്കിയ തിയ്യതി രേഖപ്പെടുത്തിയിട്ടില്ല.സ്യൂട്ട് രജിസ്റ്റർ പ്രകാരം 13 കേസുകൾ നിലവിലുണ്ട്.എന്നാൽ കേസ് ഫയലുകൾ പരിശോധിച്ചതിൽ ഇതിൽ മിക്ക കേസുകളും തീർപ്പാക്കിയതായി കാണുന്നു.

രജിസ്റ്ററുകളും രേഖകളും ശരിയായി എഴുതിസൂക്ഷിക്കുകയും മേലുദ്യോഗസ്ഥരും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും മേൽനോട്ടച്ചുമതലകൾ നിർവ്വഹിക്കുയും ചെയ്താലേ ഗ്രാമപഞ്ചായത്തിന്റെ സുതാര്യവും സുഗമവുമായ നടത്തിപ്പ് സാദ്ധ്യമാകുകയുള്ളൂ.

(ബി)യാത്രാബത്ത നൽകിയതിലെ അപാകതകൾ

തൻവർഷം നൽകിയ യാത്രാബത്ത ബില്ലുകൾ പരിശോധിച്ചതിൽ സെക്രട്ടറിയും ജീവനക്കാരും യാത്രാബത്ത കൈപ്പറ്റിയതായി കാണുന്നുണ്ടെങ്കിലും മേൽ ക്ലെയിമിനുള്ള യാത്രാഡയറി സമർപ്പിച്ചിട്ടില്ല. മൂവ്മെന്റ് രജിസ്റ്റർ പ്രകാരമാണ് യാത്രാബത്ത ബിൽ തയ്യാറാക്കിയതെന്നാണ് സെക്ഷൻ നൽകിയ വിശദീകരണം. മൂവ്മെന്റ് രജിസ്റ്റർ യാത്രാബത്ത ബിൽ തയ്യാറാക്കുന്നതിനുള്ള രേഖയല്ല. മാത്രമല്ല മൂവ്മെന്റ് രജിസ്റ്റർ മേലുദ്യോഗസ്ഥരോ സെക്രട്ടറിയോ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയോ പരിശോധിക്കുന്നില്ല.ജീവനക്കാർ യാത്ര ചെയ്തത് ഏതുതരം വാഹനത്തിലാണെന്ന വിവരം (ട്രെയിൻ,ബസ്,പഞ്ചായത്ത് വാഹനം ) മൂവ്മെന്റ് രജിസ്റ്ററിൽ നിന്ന് ലഭിക്കില്ല.കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 53 (ബി)(6)പ്രകാരം ഒരു ഉദ്യോഗസ്ഥന് യാത്ര നടത്തിയതിന് തൊട്ടടുത്ത മാസം മുതൽ യാത്രാബത്തയ്ക്ക് അർഹതയുണ്ടായിരിക്കും. ആർട്ടിക്കിൾ 53(ഇ) പ്രകാരം യാത്രാബത്തയ്ക്ക് അർഹത ലഭിച്ച് ഒരു വർഷത്തിനകം യാത്രാഡയറി സമർപ്പിക്കേണ്ടതാണ്.ഒരു വർഷത്തിനകം ക്ലെയിം ചെയ്യാത്ത ജീവനക്കാർക്ക് യാത്രാബത്തയ്ക്ക് അർഹതയില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം 17/02/17 ലെ ഭരണസമിതി തീരുമാനപ്രകാരമാണ് യാത്രാബത്ത നൽകുന്നതിന് അംഗീകാരം നൽകിയത്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ജീവനക്കാർ യാത്ര ചെയ്തതിനുള്ള രേഖകൾ പരിശോധിക്കാതെയാണ് യാത്രാബത്ത അനുവദിക്കാൻ ശുപാർശ ചെയ്തത്.യാത്രാബത്ത സമർപ്പിക്കാതെ തൻവർഷം നൽകിയ യാത്രാബത്തയുടെ വിവരം താഴെ കൊടുത്തിരിക്കുന്നു.

| വൗച്ചർ നമ്പർ/ തിയ്യതി | തുക | റിമാർക്സ് |
|---|---|---|
| 21700956/13.03.2018 | ₹ 90036 | 12/16മുതൽ 01/18 വരെയുള്ള ജീവനക്കാരുടെ യാത്രാബത്ത |
| 21700849/16.02.2018 | ₹ 56064 | 01/16മുതൽ 11/16 വരെയുള്ള ജീവനക്കാരുടെ യാത്രാബത്ത |
| 21700889/24.02.18 | ₹ 14370 | 06/17മുതൽ 01/18 വരെയുള്ള സെക്രട്ടറിയുടെ യാത്രാബത്ത |

യാത്ര ചെയ്തതിനുള്ള നിയമാനുസൃത രേഖകൾ ഹാജരാക്കിയതിന് ശേഷം മാത്രമേ യാത്രാബത്തയ്ക്ക് അഗീകാരം നൽകുന്നുള്ളൂ എന്ന്ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ് . ഇക്കാര്യത്തിൽ വിശദമായ മറുപടി ഹാജരാക്കേണ്ടതാണ്.

## 3-2 കാർഷിക മേഖലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ നടത്തിപ്പ്

2017 -18 വർഷം കാർഷികമേഖലയിൽ കൃഷി ഓഫീസർ നിർവ്വഹണ ഉദ്യാഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളുട നടത്തിപ്പ് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1-ഫലവൃക്ഷതൈ വിതരണം -നടീൽവസ്തുക്കളുടെ വിലയായി വി.എഫ്.പി.സി കെ -യ്ക്ക് 26000 രൂപ അധികം തുക നൽകി

പ്രോജക്ട് നം- 102/17-18

അടങ്കൽ 78000(വികസനഫണ്ട്),26000(ഗുണഭോക്തൃവിഹിതം)

ചെലവ് 78000,26000

നിർവ്വഹണം -കൃഷി ഓഫീസർ

പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി വി.എഫ്.പി.സി.കെ ആലത്തൂരിന്റെ 16-3-18 ലെ P.I No.2017-18 ബിൽ പ്രകാരം വിവിധ നടീൽ വസ്തുക്കളുടെ വിലയായി 78000 രൂപ ട്രഷറി ബിൽ നം-11/28-3-2018 പ്രകാരം നിർവ്വഹണ ഉദ്യാഗസ്ഥൻ കൈമാറിയിട്ടുണ്ട്. ബിൽ തുകയായ 78000 രൂപയിൽ ഗുണഭോക്തൃ വിഹിതമായ 26000/- രൂപ കഴിച്ച് ബാക്കി 52000/- രൂപയേ വികസന ഫണ്ടിൽ നിന്നും പദ്ധതിക്കായി ചെലവാക്കേണ്ടിയിരുന്നുള്ളൂ. എന്നാൽ ഇതിനുപുറമെ ഗുണഭോകതൃവിഹിതമായി 208 ഗുണഭോക്താക്കളിൽ നിന്നും 125 രൂപ നിരക്കിൽ കളക്ട് ചെയ്ത26000/- രൂപകൂടി (ചെക്ക് നം-673829042 തീയ്യതി 31-3-2018 )നിർവ്വഹണ ഉദ്യാഗസ്ഥൻ വി.എഫ്.പി.സി.കെക്ക് അധികം കൈമാറി.

750 ഗുണഭോക്താക്കൾക്ക് അഞ്ച് ഫലവൃക്ഷതൈകൾ 500 രൂപ നിരക്കിൽ 25ശതമാനം ഗുണഭോക്തൃവിഹിതമായ 125 രൂപ ഈടാക്കി വിതരണം ചെയ്യുന്നതിനായിരുന്നു പ്രോജക്ട് തയ്യാറാക്കിയിരുന്നത്. പദ്ധതി നിർവ്വഹണ ഘട്ടത്തിൽ 208 പേർ മാത്രമേ ഗുണഭോക്തൃവിഹിതം അടക്കാൻ തയ്യാറായുള്ളൂ എന്നതിനാൽ സാമ്പത്തിക വർഷാവസാനം പ്രോജക്ട് റിവൈസ് ചെയ്ത് അഞ്ച് തരം ഫലവൃക്ഷതൈകൾ 375 രൂപ നിരക്കിൽ വി.എഫ് .പി.സി.കെ. പദ്ധതിക്കായി വിതരണം ചെയ്യുകയായിരുന്നു. എന്നാൽ വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് ,സ്റ്റാറ്റിംഗ് കമ്മിറ്റി മിനുട്സ് എന്നിവ പരിശോധിച്ചതിൽ ഫലവൃക്ഷതൈകളുടെ തരം,എണ്ണം, വില എന്നിവസംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പ്ചർച്ചചെയ്യുകയോ ഇതുസംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. മോണിറ്ററിംഗ് ചുമതലയുള്ള വികസനകാര്യ സ്റ്റാറ്റിംഗ് കമ്മിറ്റി നിർവ്വഹണ ഉദ്യഗസ്ഥനായ കൃഷി ഓഫീസറുടെ വാങ്ങൽ നടപടികളിൽ വേണ്ട ഇടപെടൽ നടത്തിയതായി കാണുന്നില്ല. ഇതുകാരണം നടീൽ വസ്തുക്കളുടെ വിലയിനത്തിൽ ബില്ലിനെക്കാൾ അധിക തുക വിതരണ ഏജൻസിക്ക് നൽകുന്നതിനിടയാക്കുകയും ഇതുവഴി വികസനഫണ്ടിനത്തിൽ അധിക തുക ചെലവാകുന്നതിനുമിടയാക്കി. വി.എഫ്.പി.സി.കെ.യുടെ ബിൽ പ്രകാരമുള്ള തുകയേക്കാൾ അധികം നൽകിയ 26000/- രൂപ തിരികെ ഈടാക്കി പ്ലാൻ ഫണ്ടിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.

2-കുറ്റികുരുമുളക് വിതരണം -പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട്നം-85/17-18

അടങ്കൽ -542569 (വികസനഫണ്ട്) 11831 (തനത് ഫണ്ട്)

ചെലവ് -542569 11831

പദ്ധതി നടത്തിപ്പിന്റെ ഭാഗമായി 693 ഗുണഭോക്താക്കൾക്ക് 100 രൂപ വിലയുള്ള 8 വീതം കുറ്റി കുരുമുളക് തൈകൾ വി.എഫ് .പി.സി.കെയിൽ നിന്നും വാങ്ങിവിതരണം ചെയ്തിട്ടുണ്ട്.പദ്ധതി നിർവ്വഹണം പരിശോധിച്ചതിൽ 1000 ഗുണഭോക്താക്കൾക്ക് ഓരോ കുറ്റികുരുമുളക് തൈകൾ വിതരണം ചെയ്യുന്നതിനായി 100000 രൂപ വകയിരുത്തി ആവിഷ്കരിച്ച പ്രോജക്ട് സാമ്പത്തിക വർഷാവസാനം റിവൈസ് ചെയ്ത് ഗ്രാമ സഭ വഴി അപേക്ഷിച്ച 693 ഗുണഭോക്താക്കൾക്കും 8 വീതം കുറ്റികുരുമുളക് തൈ നല്കലാക്കി നടപ്പാക്കുകയായിരുന്നു എന്ന് കാണുന്നു. പദ്ധതിക്കായി ഗ്രാമ സഭവഴി അപേക്ഷ ക്ഷണിച്ചതിൽ നിന്നും തികച്ചും വിഭിന്നമായി പ്രോജക്ട് നടപ്പിലാക്കുകയായിരുന്നു.പദ്ധതിക്കായി ആകെ 693 ഗുണഭോക്താക്കളെ അപേക്ഷിച്ചിരുന്നുള്ളൂ .എന്നിട്ടും അടങ്കൽ തുക അഞ്ചിരട്ടി വർദ്ധിപ്പിച്ച് പ്രോജക്ട് നടപ്പാക്കിയിരിക്കുന്നതിലൂടെ പദ്ധതി ചെലവ് വർദ്ധിപ്പിക്കുക എന്ന എന്ന

ലക്ഷ്യം മാത്രമേ പൂർത്തീകരിക്കപ്പെട്ടുള്ളൂ എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.പദ്ധതി നടത്തിപ്പ് സംബന്ധിച്ച് ഏതിനം കുരുമുളക് വള്ളികളാണ് കർഷകർക്ക് വിതരണം ചെയ്യേണ്ടത്, ഗുണഭോക്താക്കളുടെ എണ്ണം,നൽകേണ്ട കുരുമുളക് തൈകളുടെ എണ്ണം എന്നിവ സംബന്ധിച്ചും പ്രോജക്ട് റിവൈസ് ചെയ്യേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചും ബന്ധപ്പെട്ട വർക്കിംഗ് കമ്മിറ്റി ചർച്ച ചെയ്യുകയോ നിർദ്ദേശങ്ങൾ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം വേണ്ട രീതിയിൽ മോണിറ്റർ ചെയ്യാഞ്ഞതാണ് മേൽ അപാകതകതക്കിടയാക്കിയത് .

3-അന്തിമ പദ്ധതി രേഖപ്രകാരം രൂപീകരിച്ച പ്രേജക്ടുകളും യഥാർത്ഥത്തിൽ നടപ്പിലാക്കിയ പദ്ധതികളും തമ്മിൽ വൻ വ്യത്യാസം.

തൻ വർഷം കാർഷിക മേഖലയിൽ നടപ്പിലാക്കുന്നതിനായി അന്തിമപദ്ധതി രേഖപ്രകാരം അംഗീകരിച്ച പ്രോജക്ടുകൾക്കായി വകയിരുത്തിയ വികസനഫണ്ടും യഥാർത്ഥത്തിൽ നടപ്പിലാക്കിയ പദ്ധതികൾ പ്രകാരമുള്ള തുകയും തമ്മിൽ വൻവ്യത്യാസം കാണുന്നു.ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു

| പ്രോജക്ട് നം,പേര് | അന്തിമ പദ്ധതി രേഖ പ്രകാരം വകയിരുത്തിയ വികസനഫണ്ട്തുക | യഥാർത്ഥത്തിൽ നടപ്പിലാക്കിയ് പദ്ധതി പ്രകാരം ചെലവ് തുക |
|---|---|---|
| 80/17 തെങ്ങ്കൃഷി വികസനം | 280000 | 70000 |
| 85/17 ജലസേചന പമ്പ്സെറ്റ് | 150000 | 118211 |
| 102/17 ഫലവൃക്ഷതൈ വിതരണം | 281250 | 78000 |
| 85/17 കുറ്റികുരുമുളക് തൈ വിതരണം | 100000 | 542569 |

കാർഷികമേഖലയിൽ അന്തിമ പദ്ധതിരേഖ പ്രകാരം അംഗീകാരം ലഭിച്ച പദ്ധതികളിൽ ഭൂരിഭാഗവും നിർവ്വഹണ ഘട്ടത്തിൽ ഗുണഭോക്താക്കളില്ലാത്തതിനാൽ മാറ്റം വരുത്തി നടപ്പിലാക്കുകയായിരുന്നു. ഇതിലൂടെ തൻവർഷത്തെ പദ്ധതി നിർവ്വഹണം പ്രധാനമായും നൂറുശതമാനം സബ്സിഡി നിരക്കിലുള്ള നടീൽ വസ്തുക്കളുടെ വിതരണം ചെയ്യൽ മാത്രമായി മാറി. കൃഷി ഓഫീസറുടെ അന്തിമ പദ്ധതി ചെലവ് രേഖകൾ പ്രകാരം വകയിരുത്തിയ വികസനഫണ്ടായ 1741280 രൂപയിൽ ചെലവായ 1441280 രൂപയിൽ 1168069 രൂപയും 100% സബ്സിഡി നിരക്കിലുള്ള നടീൽ വസ്തു വിതരണം വഴിയുള്ളതാണ്.

വർക്കിംഗ് ഗ്രൂപ്പ് മിനട്സ് പരിശോധിച്ചതിൽ നിന്നും മേഖലയെ സംബന്ധിച്ച കൃത്യമായ സ്റ്റാറ്റസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലല്ലാതെ പദ്ധതികൾ തയ്യാറാക്കിയതാണ് പല പദ്ധതികൾക്കും ആവശ്യത്തിന് ഗുണഭോക്താക്കളെ ലഭിക്കാത്തത് എന്ന് വ്യക്തമാകുന്നു. പദ്ധതി രൂപീകരണ നിർവ്വഹണ ഘട്ടങ്ങളിലൊന്നും തന്നെ മേഖലയെ സംബന്ധിച്ച ചുമതലകൾ നിറവേറ്റുന്നതിലും കൃഷിപ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ ശ്രമങ്ങളും വർക്കിംഗ് ഗ്രൂപ്പിന്റെ ഭാഗത്തുനിന്നുണ്ടായിട്ടില്ല എന്ന് വ്യക്തമാകുന്നു. ആയത് ഉറപ്പ് വരുത്തേണ്ടത് പദ്ധതികളുടെ മോണിറ്ററിംഗ് നിർവഹിക്കേണ്ടത് വികസനകാര്യ സ്റ്റാറ്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ് .അന്തിമ പദ്ധതിരേഖ പ്രകാരം അംഗീകാരം ലഭിച്ച പദ്ധതികൾ വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ മേഖലയെകുറിച്ചുള്ള സ്റ്റാറ്റസ് റിപ്പോർട്ട് ,ഗ്രാമസഭാ ശുപാർശകൾ വികസനസെമിനാർ എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കെ പ്രോജക്ട് ഭേദഗതി വരുത്തി നടപ്പാക്കുമ്പോൾ പദ്ധതി ആസൂത്രണ ഘട്ടങ്ങൾ പൂർണ്ണമായി ലംഘിക്കപ്പെടുകയാണ് ഫലത്തിൽ സംഭവിക്കുന്നത്.

## 3-3 <u>ആവശ്യത്തിന് ഗുണഭോക്താക്കളെകിട്ടാഞ്ഞതിനാൽ ആട്ടുവിതരണം പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.</u>

പ്രോജക്ട് നം-73/17

അടങ്കൽ - 540000(270000 (വികസനഫണ്ട് ),270000(ഗുണഭോക്തൃവിഹിതം))

ചെലവ് - 300000 (150000(വികസനഫണ്ട്),150000(ഗുണഭോക്തൃവിഹിതം))

നിർവ്വഹണം -വെറ്ററിനറി സർജൻ

പദ്ധതി നടത്തിപ്പിന്റെ ഭാഗമായി 17 ഗുണഭോക്താക്കൾ മൂന്ന് പെണ്ണാടുകളെ വീതം വാങ്ങിയതിന് വെറ്റിനറി സർജൻ 150000 രൂപ സബ്സിഡിയായി നൽകിയിട്ടുണ്ട്. 30 ഗുണഭോക്താക്കൾക്ക് മൂന്നുവീതം പെണ്ണാടുകളെ നൽകുന്നതിനാണ് പദ്ധതി പ്രകാരം ലക്ഷ്യമിട്ടിരുന്നത്.എന്നാൽ പദ്ധതി നിർവ്വഹണ ഘട്ടത്തിൽ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടവരിൽ 17 പേർ മാത്രമാണ് ഗുണഭോക്തൃവിഹിതമായ 9000 രൂപ അടവാക്കാൻ തയ്യാറായത്. അയതിനാൽ ബാക്കി 13 പേർക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കാതെപോയി. 2017-18 വർഷത്തെ വ്യക്തിഗത /കുടുംബ/ഗ്രൂപ്പ് ആനുകൂല്യങ്ങൾക്കായുള്ള ഗ്രാമ സഭവഴി വിതരണം ചെയ്ത അപേക്ഷാഫോറം പരിശോധിച്ചതിൽ ആട് വിതരണത്തിനുള്ള അർഹതയായി രേഖപ്പെടുത്തിയിരുന്നത് ഗുണഭോക്തൃവിഹിതം അടക്കുന്നവർ എന്നുമാത്രമാണ് .27-5-2017 ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ഗുണഭോക്തൃ വിഹിതമായ 9000 രൂപ സംബന്ധിച്ച വ്യക്തമായ നിർദ്ദേശമുണ്ടെങ്കിലും പദ്ധതിക്കായി അപേക്ഷ ക്ഷണിച്ചപ്പോൾ ആയത് കൃത്യമായി അപേക്ഷാഫോമിൽ വ്യക്തമാക്കാതിരുന്നതും,പദ്ധതി വിശദാംശങ്ങൾ സംബന്ധിച്ച് ഗ്രാമസഭകളിൽ വ്യക്തതവരുത്താതിരുന്നതുമാണ് ഗുണഭോക്തലിസ്റ്റിൽ ഉൾപ്പെട്ടവർ പദ്ധതി നിർവ്വഹണ ഘട്ടത്തിൽ ഗുണഭോക്തൃവിഹിതം അടവാക്കാതിരിക്കാനിട യാക്കിയത്. പദ്ധതി രൂപീകരണത്തിൽ ഓരോ പ്രോജക്ടിന്റെയും യുക്തി, ക്ഷമത, പ്രായോഗികത, നിയമസാധുത, വിജയസാധ്യത എന്നിവ ചർച്ചചെയ്ത് ഉറപ്പുവരുത്തേണ്ടത് അതാത് വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലയാണ്. ആടുവളർത്തൽ പദ്ധതിക്കാവശ്യമായ ഗുണഭോക്തൃവിഹിതം അടക്കാൻ തയ്യാറുള്ള ഗുണഭോക്താക്കളുടെ എണ്ണം നിശ്ചയിക്കുന്നതിൽ വർക്കിംഗ് ഗ്രൂപ്പ് പരാജയപ്പെടുകയായിരുന്നു. വർക്കിംഗ് ഗ്രൂപ്പിന്റെ മേൽ നോട്ടച്ചുമതലയുള്ള വികസനകാര്യ സ്റ്റാറ്റിംഗ് കമ്മിറ്റി വർക്കിംഗ് ഗ്രൂപ്പുകൾക്ക് കൃത്യമായ നിർദ്ദേശങ്ങൾ നൽകി അപാകതകൾ യഥാസമയങ്ങളിൽ പരിഹരിക്കുന്നു എന്നുറപ്പാക്കേണ്ടതാണ്.

## 3-4 ഭവനപുനരുദ്ധാരണം ,മേൽക്കൂരമാറ്റൽ പദ്ധതികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം

ഓഡിറ്റ് വർഷം ഭവനപുനരുദ്ധാരണം (പ്രോജക്ട്നം-9/18, സ്പിൽ ഓവർ) പ്രോജക്ടിൽ ആകെ 15 പേർക്ക് തുക വകയിരുത്തിയതിൽ 6 പേർ മുൻ വർഷം ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചു. 7 പേർ തൻവർഷം പൂർത്തീകരിച്ചു.ബാക്കി രണ്ട് പേർ ഇനിയും പണിപൂർത്തീകരിച്ചിട്ടില്ല. തൻ വർഷത്തെ തന്നെ വീടിന് മേൽക്കൂരമാറ്റൽ( പ്രോജക്ട് നം-105/18) 15 പേർക്കു വേണ്ടിയുമാണ് ആവിഷ്കരിച്ചിരിക്കുന്നത് .ഇതിൽ തൻവർഷം 7 പേർ പണി പൂർത്തീകരിച്ച് ധനസഹായം കൈപ്പറ്റിയിട്ടുണ്ട് ബാക്കി 8 പേർ പണി പൂർത്തീകരിക്കാത്തതിനാൽ 2018-19 ൽ പ്രോജക്ട് സ്പിൽ ഓവർ ആയി തുടരുകയാണ്. മേൽ രണ്ട് പ്രോജക്ടുകളിലും പരമാവധി സബ്സിഡിയായി ഒരാൾക്ക് 25000 രൂപ യാണ് വകയിരുത്തിയിരുന്നത്. ഭവനപുനരുദ്ധാരണ ,മേൽക്കൂര നവീകരണ പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കാതെ സ്പിൽ ഓവറായി തുടർന്നു വരുന്നത് പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിൽ പരാജയപ്പെട്ടു എന്ന് വെളിവാക്കുന്നു. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ആകെ 58 പേർ അറ്റകുറ്റപ്പണികൾ നടത്തിയാൽ വാസയോഗ്യമാക്കാവുന്ന വീടുകൾ ഉള്ളവരായിട്ടുണ്ട്. എന്നാൽ തൻവർഷം ഭവന പുനരുദ്ധാരണ പദ്ധതികൾക്ക് തയ്യാറായ ഗുണഭോക്താക്കളുടെ എണ്ണം നിശ്ചയിക്കുന്നതിൽ വർക്കിംഗ് ഗ്രൂപ്പിന്റെ ഭാഗത്ത് നിന്നുണ്ടായ വീഴ്ച മൂലമാണ് പദ്ധതി പൂർത്തീകരിക്കാൻ കഴിയാത്തത്. പദ്ധതി നിർവ്വഹണ ഘട്ടത്തിൽ ഗുണഭോക്താക്കൾ പണിപൂർത്തീകരിക്കാത്തത് സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പ് ചർച്ചചെയ്യുകയോ,പദ്ധതികളുടെ കൃത്യമായ മോണിറ്ററിംഗ് നടത്തുകയോ ചെയ്തിട്ടില്ല. മേൽനോട്ട ചുമതലയുള്ള വികസനകാര്യ സ്റ്റാറ്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ ശ്രദ്ധചെലുത്തേണ്ടതാണ്.

## 3-5 വിദ്യാഭ്യാസമേഖലയിലെ പദ്ധതി നിർവ്വഹണം

(എ)സമഗ്രമായ പ്രോജക്ട് തയ്യാറാക്കിയില്ല – പൂർത്തിയായ പ്രവൃത്തിയുടെ പ്രയോജനം ലഭിച്ചില്ല
2017 – 18 വർഷത്തിൽ ഹെഡ് മാസ്റ്റർ ഗവ.എൽ.പി.എസ് ചെക്യാട്, നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടിന്റെ വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ120/18 |
| പ്രോജക്ട് | ചെക്യാട് ഗവ.എൽ.പി.സ്കൂളിൽ കുടിവെള്ള |

| | |
|---|---|
| | സൗകര്യം ഒരുക്കൽ. |
| വകയിരുത്തിയ തുക | 40000 രൂ |
| ചെലവഴിച്ച തുക | 31100രൂ |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ്(നോൺ റോഡ്) |
| ഭരണാനുമതി | 85(2) / 17/ 9.6.17 |
| ട്രഷറി ബിൽ നമ്പർ, തിയ്യതി, തുക | 2/17-18 തിയ്യതി 21.2.18 , 31100 രൂ |
| നിർവ്വഹണ ഏജൻസി | ഭൂജല വകുപ്പ് , കോഴിക്കോട് |

മേൽ പ്രോജക്റ്റ് പ്രകാരം 65 മീറ്റർ ആഴത്തിൽ 1000 LPH ശേഷിയുള്ള കുഴൽ കിണർ കുഴിച്ചിട്ടുണ്ട്. എന്നാൽ ഈ കുഴൽ കിണർ ഉപയോഗ പ്രദമായിട്ടില്ല. കാരണം ' ചെക്യാട് - ഗവ.എൽ.പി.സ്കൂളിൽ കുടിവെള്ള സൗകര്യം - ജലശുദ്ധീകരണപ്ലാന്റ്, ടാങ്ക്, ഇലക്ട്രിക്ക് മോട്ടോർ പമ്പ്, പൈപ്പ് മുതലായവ സ്ഥാപിക്കൽ ' എന്ന പ്രോജക്റ്റ് (151/18) ഓഡിറ്റ് തിയ്യതിവരെ നടപ്പാക്കിയിട്ടില്ല.

അനുബന്ധ സൗകര്യങ്ങൾ തയ്യാറാകുന്നത് വരെയും കുഴൽ കിണർ കൊണ്ട് പ്രയോജനമൊന്നും ലഭിക്കാത്ത അവസ്ഥയാണ്.

29.03.2017 -ലെ ജി.ഒ.(എം.എസ്) 72/2017/തസ്വഭവ നമ്പർ മാർഗ്ഗനിർദ്ദേശങ്ങൾ ഖണ്ഡിക 5.7 (2) പ്രകാരം ഭരണ സമിതി അംഗീകാരത്തോടെ വർക്കിങ് ഗ്രൂപ്പുകളെക്കൊണ്ട് വിശദമായ പ്രോജക്റ്റ് റിപ്പോർട്ടുകൾ തയ്യാറാക്കേണ്ടത് ആരോഗ്യ വിദ്യാഭ്യാസ കാര്യ സ്റ്റാന്റിങ് കമ്മിറ്റിയാണ്. ഓരോ പ്രോജക്റ്റിന്റേയും യുക്തി , ക്ഷമത , പ്രായോഗികത , നിയമസാധുത , വിജയസാധ്യത എന്നിവ വർക്കിങ് ഗ്രൂപ്പുകൾ ചർച്ച ചെയ്ത് ഉറപ്പ് വരുത്തണം . ഈ നിബന്ധനകൾ പാലിക്കപ്പെടാഞ്ഞതിനാലാണ് പൂർത്തീകരിച്ച ഈ പ്രോജക്റ്റ് പ്രയോജനപ്പെടാതെപോയത്.മേൽ വിഷയത്തിൽ ആരോഗ്യ വിദ്യാഭ്യാസ കാര്യ സ്റ്റാന്റിങ് കമ്മിറ്റിയുടെ മേൽനോട്ടം ഫലപ്രദമാക്കി അപാകതകൾ പരിഹരിക്കേണ്ടതാണ്.

(ബി) സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം അടിയന്തരമായി നടപ്പാക്കേണ്ട പ്രവൃത്തികൾ **2017 -18** വർഷത്തെ പ്രോജക്റ്റ് ലിസ്റ്റിൽ ഉൾപ്പെട്ടില്ല**.**

13 ◌ാം പഞ്ചവത്സര പദ്ധതിക്കുവേണ്ടി (2017 – 2022 ) ചെക്യാട് ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് (വികസന മേഖല : വിദ്യാഭ്യാസം , കലയും സംസ്കാരവും , യുവജനകാര്യം)

പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള 2 സ്കൂൾ കെട്ടിടങ്ങൾ അടിയന്തിരമായി പുതുക്കി പണിയേണ്ടതുണ്ട് . 100 വർഷത്തിലേറെ പഴക്കമുള്ള ചെക്യാട് ജി.എൽ.പി.എസിന് ഇപ്പോഴും കെ.ഇ.ആർ നിബന്ധനകൾക്ക് അനുസൃതമല്ലാത്ത ഒരു ഹാൾ മാത്രമേയുള്ളൂ .ഓഫീസ് മുറി , സ്റ്റാഫ് മുറി , കമ്പ്യൂട്ടർ മുറി , 6 ക്ലാസ്സ് മുറികൾ എന്നിവ അടിയന്തിരമായി നിർമ്മിക്കേണ്ടതുണ്ട് . പാറക്കടവ് ജി.എം.യു.പി.എസിലും 5 ക്ലാസ്സ് മുറികൾ കെ.ഇ.ആർ അനുസൃതമല്ലാത്തതിനാൽ പുതുക്കി പണിയേണ്ടതുണ്ട് . ഇക്കാര്യം വർക്കിങ് ഗ്രൂപ്പിൽ 22.2.17, 27.5.17തിയ്യതികളിൽ ചർച്ച ചെയ്ത ശേഷം 7.4.2017 ലെ 19/17 തീരുമാനപ്രകാരം ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിങ് കമ്മിറ്റി , ഭരണ സമിതിക്ക് ശുപാർശ ചെയ്തിട്ടുള്ളതാണ്. എന്നാൽ മേൽ പദ്ധതികൾ 2017 – 18 വർഷത്തേക്കുള്ള അന്തിമ പദ്ധതി രേഖ പ്രകാരമുള്ള പ്രോജക്റ്റ് ലിസ്റ്റിൽ ഉൾപ്പെട്ടില്ല . മേൽ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഈ സ്കൂളുകളിൽ 232 കുട്ടികൾ പഠിക്കുന്നുണ്ട്. അടിയന്തര സ്വഭാവത്തോടെ നടപ്പാക്കേണ്ട ഒരു പദ്ധതിയാണ് 2017-18 വർഷം നടപ്പാക്കാതെ വിട്ടു പോയത് .വർക്കിംഗ് ഗ്രൂപ്പിന്റെയും സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശുപാർശകൾ പരിഗണിച്ചാണ് പ്രൊജക്ടുകൾ തയ്യാറാക്കുന്നതെന്ന് ഉറപ്പാക്കേണ്ടതാണ്.

## 3-6 പൊതുമരാമത്ത് പ്രവത്തികളുടെ നടത്തിപ്പ്

**(എ)** മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കാൻ വൈകുന്നു **-** രേഖകളുടെ അപര്യാപ്തതയും നടപടി ക്രമങ്ങൾ പാലിക്കാത്തതും കാരണം പിഴ ഈടാക്കാൻ കഴിയുന്നില്ല**.**

2017 – 18 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്റ്റിന്റെ വിശദാംശങ്ങൾ കാണുക.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 051 / 18 |
| പ്രോജക്ട് | വിവിധ അങ്കണവാടി കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ |
| വകയിരുത്തിയ തുക | 4 ലക്ഷം രൂപ |
| ചെലവഴിച്ച തുക | 257054 രൂപ |
| ഫണ്ട് | MG (NR) |
| ഭരണാനുമതി | 60/17 തിയ്യതി 7.4.17 |
| ടി.എസ് നമ്പർ | 83034 / 2016 -17 |
| ടി.എസ് പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലയളവ് | 4 മാസം |
| എഗ്രിമെന്റ് നമ്പർ | 65/A6/CGP/2016 – 17 തിയ്യതി 31.3.2017 |
| എം.ബുക്ക് നമ്പർ | 211 / 2017 -18 |
| കരാറുകാരൻ | ശ്രീ.ടി.കുഞ്ഞിരാമൻ |

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെപ്പറയുന്നു.

1. കരാറിന്റെ ഭാഗമായി പ്രവർത്തന കലണ്ടർ വെച്ചിട്ടില്ല. 29.03.2017 തിയ്യതിയിലെ ജി.ഒ.(എം.എസ്)72/2017/തസ്വഭവ ഖണ്ഡിക 14.7 പ്രകാരമുള്ള സമയപട്ടിക തയ്യാറാക്കിയിട്ടില്ല.

2. സൈറ്റ് ഹാൻഡ് ഓവർ അക്ക്നോളജ്മെന്റ് രേഖയിൽ സൈറ്റ് കൈമാറിയ തിയ്യതി രേഖപ്പെടുത്തിയിട്ടില്ല.

3. 29.03.2017 തിയ്യതിയിലെ ജി.ഒ.(എം.എസ്)72/2017/തസ്വഭവ നമ്പർ മാർഗ്ഗനിർദ്ദേശം ഖണ്ഡിക 14.8പ്രകാരമുള്ള പൂർത്തീകരണ പത്രം തയ്യാറാക്കിയിട്ടില്ല.

4. ഇതേ മാർഗ്ഗനിർദ്ദേശങ്ങൾ ഖണ്ഡിക 14.6 (1) , (3) എന്നിവ പ്രകാരമുള്ള മോണിറ്ററിങ് , സോഷ്യൽ ഓഡിറ്റ് എന്നിവ നടന്നിട്ടില്ല.

എം.ബുക്ക് പ്രകാരം അവസാന മെഷർമെന്റ് നടന്നത് 18.12.2017 ലാണ്. അതായത് പ്രോജക്ട് പ്രകാരമുള്ള പൂർത്തീകരണ കാലാവധിയിൽ നിന്നും 5 മാസത്തോളം പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടുണ്ട്. ഇതിന് എന്തെങ്കിലും കാരണം കരാറുകാരൻ ബോധിപ്പിച്ചതായും കാണുന്നില്ല. എഗ്രിമെന്റ് പ്രകാരവും ജി.ഒ.(പി)13/2012 /PWD/01.02.2012 സെക്ഷൻ 2112,2112-1 പ്രകാരവും പ്രവൃത്തി നിർദ്ദിഷ്ട സമയപരിധിക്കകം പൂർത്തിയാക്കിയിട്ടില്ലെങ്കിൽ കരാറുകാരനിൽ നിന്നും പിഴ ഈടാക്കേണ്ടതുണ്ടെങ്കിലും മേൽ പ്രവൃത്തിയിൽ പിഴ ഈടാക്കിയതായി കാണുന്നില്ല.

പ്രവൃത്തി ആരംഭിച്ചുകഴിഞ്ഞാൽ വർക്കിംഗ് ഗ്രൂപ്പിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ ഒഴികെയുള്ളവർ പ്രവൃത്തിയുടെ നിരന്തര മോണിറ്ററിംഗ് നടത്തേണ്ടതും മരാമത്ത് പ്രവൃത്തികൾ യഥാസമയം തന്നെ പൂർത്തിയാക്കുന്നുവെന്ന് മോണിറ്ററിംഗ് കമ്മിറ്റിയും വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും ഉറപ്പ് വരുത്തേണ്ടതുമാണ്.

(ബി) ജി.എസ്.ടി കോമ്പൻസേഷൻ നല്കിയ പ്രോജക്ട് -കരാറുകാരൻ ജി.എസ്.ടി അധികനിരക്കിൽ അടച്ചതിന് മതിയായ രേഖയില്ല.

2017 -18 വർഷത്തിൽ അസി. എഞ്ചിനീയർ നടപ്പാക്കിയ താഴെപ്പറയുന്ന പദ്ധതി കാണുക.

| | |
|---|---|
| പ്രോക്ട് നമ്പർ | 207 /18 |
| പ്രോജക്ട് | ജി.എസ്.ടി അധിക വിഹിതം അടക്കുന്നത് |
| വകയിരുത്തിയത് | 2 ലക്ഷം രൂ |
| ചെലവഴിച്ചത് | 158000 രൂ |
| ഫണ്ട് | തനത് ഫണ്ട് |
| ഭരണാനുമതി | 4/55/18 16.03.2018 |
| അംഗീകാരം | ശ്രീ ദിലീപ് കുമാർ .കെ , A.Ex.E, AEE/TBP/CKD/45/17-18 തിയ്യതി 24.3.18 |
| തനത് ഫണ്ട് ചെക്ക് നമ്പർ/തിയ്യതി, തുക | TSB 5457559 തിയ്യതി 31.03.2018 , 158000 രൂ |
| ഇളവ് കൈപ്പറ്റിയ കരാറുകാരൻ | ശ്രീ.ഹമീദ് പുളിയാവ്. |

കരാറുകാരൻ പൂർത്തീകരിച്ച് 12 % നിരക്കിൽ ജി.എസ്.ടി അടവാക്കിയ മരാമത്ത് പ്രവൃത്തികൾക്കാണ് 1.11.2017 തിയ്യതിയിലെ സ.ഉ.(അച്ചടി)87/2017 തസ്വഭവ പ്രകാരം 3% ഇളവ് അനുവദിച്ചിട്ടുള്ളത്. എന്നാൽ താഴെപ്പറയുന്ന ഓരോ പ്രവൃത്തികൾക്കും കരാറുകാരൻ ആദ്യം 12 % നിരക്കിൽ ജി.എസ്.ടി അടച്ചതിന് മതിയായ രേഖകളുടെ അഭാവത്തിൽ മൊത്തം ചെലവഴിച്ച 158000/- രൂപയുടെ ചെലവ് അംഗീകരിക്കാനാവില്ല.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | പ്രോജക്ട് നമ്പർ | ആകെ പ്രവൃത്തി മൂല്യം (രൂ) | 3 % നിരക്കിൽ നല്കിയ ഇളവ് (രൂ) |
|---|---|---|---|---|
| 1. | കോമ്പിമുക്ക് മാമുണ്ടേരി മസ്ജിദ് റോഡ് ടാറിംഗ് | 57/18 | 147370 | 4421.1 |
| 2. | പുത്തലത്ത് മുക്ക് നെല്ലിക്കേന്റവിട റോഡ് ടാറിംഗ് | 62/18 | 219883 | 6596.49 |

| | | | | |
|---|---|---|---|---|
| 3. | മുക്രീന്റവിട തയ്യുള്ളതിൽമുക്ക് റോഡ് ടാറിംഗ്. | 145/18 | 329916 | 9897.48 |
| 4. | ചീരമ്പത്ത് മുക്ക് കോക്കണ്ടേരി റോഡ് ടാരിംഗ് | 144/18 | 514356 | 15430.68 |
| 5. | കോട്ടപ്പറമ്പിൽ കാപ്പംകര റോഡ് ടാറിംഗ് | 161/18 | 298013 | 8940.39 |
| 6. | ഒറവുകണ്ടി കളരിമുക്ക് റോഡ് ടാറിംഗ് | 135/18 | 547806 | 16434.18 |
| 7. | അരക്കേന്റവിട പിലാട്ട്മുക്ക് റോഡ് ടാറിംഗ് | 131/18 | 648132 | 19443.96 |
| 8. | ചീയന്റവിട മൊടോന്റവിട റോഡ് ടാറിംഗ് | 61/18 | 123716 | 3711.48 |
| 9. | വായോളി താഴെ വയൽ റോഡ് ടാറിംഗ് | 162/18 | 399871 | 11996.13 |
| 10. | വായോളി റോഡ് ടാറിംഗ് | 160/18 | 418290 | 12548.7 |
| 11. | വടകരക്കാരന്റവിട വട്ടച്ചാംകാവിൽ റോഡ് ടാറിംഗ് | 158/18 | 743446 | 22303.38 |
| 12. | കീരച്ചീന്റവിട തൈപ്പറമ്പത്ത് റോഡ് ടാറിംഗ് | 146/18 | 894771 | 26843.13 |

ആകെ: 158567.1 രൂ

കരാറുകാരന് നല്കിയ തുകയുടെ കൃത്യതയും ആവശ്യമായ രേഖകളും കൈപ്പറ്റ് രശീതിയും സൂക്ഷിക്കുന്നുവെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതും പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് മോണിറ്ററിംഗ് കമ്മിറ്റിയും സ്റ്റാന്റിംഗ് കമ്മിറ്റിയും ഉറപ്പാക്കേണ്ടതുമാണ്.
(സി) വികസന സെമിനാറിൽ അവതരിപ്പിക്കാത്തതും അന്തിമ പദ്ധതി രേഖയിൽ ഉൾപ്പെടാത്തതുമായ പ്രോജക്ടുകൾക്ക് തുക വകയിരുത്തി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള 2017 – 18 വർഷത്തെ താഴെപ്പറയുന്ന പ്രോജക്ടുകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | പ്രോജക്ട് | വകയിരുത്തിയ തുക (രൂ) | ഫണ്ട് |
|---|---|---|---|---|
| 1. | 186/18 | അങ്കണവാടി കെട്ടിട നിർമ്മാണം. വളയംഭാഗം | 4 ലക്ഷം | CFC |
| 2. | 187/18 | വയലോളിതാഴ റോഡ്- കനവത്ത്താഴ ഓവ്പാലം നിർമ്മാണം | 1 ലക്ഷം | MG(R) |
| 3. | 188/18 | കല്ലമ്മൽ പൊതുകിണർ റിപ്പയർ | 75000 | CFC |
| 4. | 201/18 | പുന്നക്കൽപീടിക - പെരിക്കിലാട്ട്കുനി റോഡ് ഡ്രെയിനേജ് | 90000 | CFC |
| 5. | 202/18 | പോതേമ്മൽമുക്ക് - ഹൈസ്കൂൾ റോഡ് ടാറിങ് | 250000 | CFC |
| 6. | 203/18 | കണ്ടിവാതുക്കൽ ST കോളനിയിൽ നടപ്പാത നിർമ്മാണം. | 725000 | സംസ്ഥാന ആവിഷ്കൃത |

| | | | | |
|---|---|---|---|---|
| | | | | ഫണ്ട് |
| 7. | 204/18 | കുണ്ടംകര അങ്കണവാടി പരിഷ്കരണം | 350000 | തനത് ഫണ്ട് |

ക്രമനമ്പർ 1 മുതൽ 3 വരെയുള്ള പ്രോജക്ടുകൾ , 21.10.2017 തിയ്യതിയിലെ 71 / 2017 നമ്പർ തീരുമാനപ്രകാരമാണ്

വികസനകാര്യ സ്റ്റാന്റിങ് കമ്മിറ്റി അംഗീകരിച്ച് ഭരണസമിതിക്ക് ശുപാർശ ചെയ്തത്. ക്രമനമ്പർ 4 മുതൽ 7 വരെയുള്ളവ 9/2/18 തിയ്യതിയിലെ 2/2018 തീരുമാനപ്രകാരവും പ്രോജക്ടുകൾക്ക് ലഭിച്ച ഭരണാനുമതികളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | ഭരണാനുമതി നമ്പർ /തിയ്യതി |
|---|---|---|
| 1. | എസ്.ഒ186/18 | 180/17/ 23.10.17 |
| 2. | എസ്.ഒ 187/18 | 180/17/ 23.10.17 |
| 3. | എസ്.ഒ 188/18 | 180/17/ 23.10.17 |
| 4. | എസ്.ഒ 201/18 | 29/2018/14.02.2018 |
| 5. | എസ്.ഒ 202/18 | 29/2018/14.02.2018 |
| 6. | എസ്.ഒ 203/18 | 29/2018/14.02.2018 |
| 7. | എസ്.ഒ 204/18 | 29/2018/14.02.2018 |

മേൽ ചേർത്തവയിൽ ക്രമനമ്പർ 5 (പ്രോജക്ട് നമ്പർ എസ്.ഒ. 202/2018) ൽ മാത്രമേ 2017 – 18 വർഷത്തിൽ തുക ചെലവഴിച്ചിട്ടുള്ളൂ. വിശദാംശങ്ങൾ താഴെപ്പറയുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 202 /18 |
| പ്രോജക്ട് | പോതേമ്മൽ മുക്ക്- ഹൈസ്കൂൾ റോഡ് ടാറിങ് |
| വകയിരുത്തിയ തുക | 250000 രു |
| ചെലവഴിച്ച തുക | 248170 രു |
| ഫണ്ട് | ധനകാര്യ കമ്മീഷൻ ഗ്രാന്റ്. |
| ഭരണാനുമതി | 21/29/ 2018 തിയ്യതി 14.02.2018 |
| ട്രഷറി ബിൽ നമ്പർ , തുക | 70 / 31.3.18 , 248170 രു |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ ഇൻ ചാർജ്ജ് |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം , 29.03.2017 തിയ്യതിയിലെ ജി.ഒ.(എം.എസ്)72/2017 /തസ്വഭവ എന്നിവകളിലെ നിർദ്ദേശങ്ങൾക്കും ജനകീയാസൂത്രണത്തിന്റെ അന്തഃസത്തക്കു തന്നെയും വ്യത്യസ്തവുമായാണ്. വികസന സെമിനാറിൽ അവതരിക്കപ്പെടാത്തതും അന്തിമ പദ്ധതി രേഖയിൽ ഉൾപ്പെടാത്തതുമായ പ്രോജക്ടുകൾക്ക് തുക വകയിരുത്തുകയും അവയിലൊന്നിന് തുക ചെലവഴിക്കുകയും ചെയ്തത് . വർക്കിംഗ് ഗ്രൂപ്പിലും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലും ഗ്രാമസഭയിലും വികസന സെമിനാറിലും അംഗീകാരം ലഭിച്ച പദ്ധതികൾക്ക് മാത്രമേ പ്രൊജക്ടുകൾ തയ്യാറാക്കുന്നുള്ളു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 3-7 ആരോഗ്യമേഖലയിലെ പ്രോജക്ടുകളുടെ നടത്തിപ്പ്

1. മരുന്നുകൾ മുഴുവനും ലഭ്യമായിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ.071 / 2018 |
| പ്രോജക്ട് | ആരോഗ്യസ്ഥാപനങ്ങളിലേക്ക് മരുന്നുകളുംഉപകരണങ്ങളും വാങ്ങൽ |
| വകയിരുത്തിയ തുക | 450000 രൂ |
| ചെലവഴിച്ച തുക | 423900 രൂ |
| ഫണ്ട് | MG(NR) |
| ട്രഷറി ബിൽ നമ്പർ , തുക | 4/17-18 തിയ്യതി 27.10.18 ,<br>തുക 2 ലക്ഷം രൂ |
| തുക കൈപ്പറ്റിയത് | ഔഷധി |
| ഉദ്ദേശ്യം | ആയുർവ്വേദഡിസ്പെൻസറിയിലേക്ക് മരുന്ന് വിതരണം ചെയ്യുന്നതിന് |
| പ്രൊഫോർമ ഇൻവോയ്സ് നമ്പർ, തുക | 32071 / തിയ്യതി 7.10.17, 2ലക്ഷം രൂ |

2 ലക്ഷം രൂ കൈമാറിയെങ്കിലും 165726 രൂപയുടെ മരുന്നുകൾ മാത്രമേ ആയുർവേദ ഡിസ്പെൻസറിയിൽ നിന്നും നാളിതുവരെ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) മുഖാന്തിരം നടപ്പാക്കിയ മേൽ പദ്ധതിക്കായി ലഭിച്ചിട്ടുള്ളു. 34274 രൂപയുടെ മരുന്നുകൾ ഇനിയും ലഭിക്കാനുണ്ട്. ഇതേ പ്രോജക്ടിൽ തന്നെ ട്രഷറിബിൽ നമ്പർ 3/17-18 തിയ്യതി 26.10.17 പ്രകാരം പിൻവലിച്ച 50000 രൂ KMSCL ന് കൈമാറിയിട്ടുണ്ട് . പ്രൊഫോർമ ഇൻവോയ്സ് നമ്പർ PRF 576 / 8.9.17 പ്രകാരമുള്ള 50000 രൂപയുടെ മരുന്നുകൾ പി.എച്ച്.സി യിൽ ലഭിച്ചിട്ടുണ്ടെങ്കിലും ആയത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല. കൂടാതെ 29.03.17 തിയ്യതിയിലെ ജി.ഒ(എം.എസ് ) 72/2017/തസ്വഭവ മാർഗ്ഗരേഖ ഖണ്ഡിക 12.11.1ക്രമനമ്പർ (4) പ്രകാരമുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2. പ്രോജക്ടുകളുടെ മോണിറ്ററിംഗ് നടക്കുന്നില്ല

മേൽ പ്രോജക്ടിലും ചുവടെ ചേർത്തിരിക്കുന്ന പ്രോജക്ടിലും 29.03.2017 തിയ്യതിയിലെ ജി.ഒ.(എം.എസ്)72/2017 തസ്വഭവ പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഖണ്ഡിക 14(1) ,14(3) പ്രകാരമുള്ള വർക്കിങ് ഗ്രൂപ്പ് മോണിറ്ററിങ് , സോഷ്യൽ ഓഡിറ്റ് എന്നിവ നടന്നിട്ടില്ല. ഇക്കാര്യത്തിൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിങ് കമ്മിറ്റിയുടെ ഇടപെടൽ കാണുന്നില്ല. പദ്ധതി നടത്തിപ്പിലെ പ്രശ്നങ്ങൾ യഥാസമയങ്ങളിൽ മോണിറ്ററിംഗ് സമിതിയും സ്റ്റാന്റിംഗ് കമ്മിറ്റിയും പരിഹരിക്കേണ്ടതും കൃത്യമായി മോണിറ്ററിംഗ് നടത്തേണ്ടതുമാണ്.

| | |
|---|---|
| പ്രോജക്ട് നമ്പർ | 76/18 |
| പ്രോജക്ട് | പകർച്ച വ്യാധി രോഗപ്രതിരോധ പ്രവർത്തനം. |

| | |
|---|---|
| വകയിരുത്തിയ തുക | 50000 രൂ |
| ചെലവഴിച്ച തുക | 48260 രൂ |
| ഫണ്ട് | വികസനഫണ്ട് |
| ഉൾപ്പെട്ടപ്രവർത്തനങ്ങൾ | ആശവർക്കർമാരുടെ നേതൃത്വത്തിലുള്ള കൊതുക് നശീകരണം , ഫോഗിങ് |

## 3-8 സ്റ്റാറ്റസ് റിപ്പോർട്ടിനനുസൃതമായി പദ്ധതിക്ക് തുകവക യിരുത്തുന്നില്ല- ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നല്കാൻ വൈകുന്നു.

പ്രോജക്ടിന്റെ പേര്/നം - ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

155/2018

അടങ്കൽ - 3,00,000/-(വികസന ഫണ്ട്)

60,000/-(ബ്ളോക്ക് പഞ്ചായത്ത് ഹിതം)

60,000/-(ജില്ലാ പഞ്ചായത്ത് വിഹിതം)

4,20,000/-

ചെലവ് -3,00,000/- (വികസന ഫണ്ട്-ബിൽ നം.6/2017-18,

24.02.2018, 8/2017-18,14.03. 18)

20,000 /- (ജില്ലാ പഞ്ചായത്ത് വിഹിതം)

59,920/- (ബ്ളോക്ക് പഞ്ചായത്ത് വിഹിതം)

3,79,920/-

നിർവ്വഹണം -.ഐ.സി.ഡി.എസ് സൂപ്പർവൈസർ

ചെക്യാട് ഗ്രാമപഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷത്തെ പഞ്ചയത്ത് തല സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ആകെ ഭിന്നശേഷിയുള്ള വിദ്യാർത്ഥികളുടെ എണ്ണം 75 ആണ്.ഈ 75പേരിൽ 2017-18 സാമ്പത്തിക വർഷം അപേക്ഷ ലഭിച്ചതനുസരിച്ച് 45പേർക്ക് സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. 2017-18 വർഷത്തെ പ്രോജക്ട് രൂപീകരണ ഘട്ടത്തിൽ പഞ്ചയത്ത്തല സ്റ്റാറ്റസ് റിപ്പോർട്ട് പരിഗണിക്കാതെ 2,00,000/-രൂപ (വികസന ഫണ്ട്) മാത്രമാണ് പദ്ധതിക്ക് വേണ്ടി വകയിരുത്തിയത്. (ക്ഷേമകാര്യസ്റ്റാൻഡിംഗ്കമ്മറ്റി തീരുമാനം നം 10/2017-18, 08.06.2017,ഭരണ സമിതി തീരുമാനം നം 85(2)/2017-18,09.06.2017) ബജറ്റ് തയ്യാറാക്കിയ അവസരത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, പദ്ധതി നടത്തിപ്പിനാവശ്യമായ തുക നിർണയിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകിയില്ല. വകയിരുത്തിയ തുക തീരെ അപര്യാപ്തമായതിനാൽ പദ്ധതി നിർവ്വഹണവേളയിൽ വീണ്ടും തുക വകയിരുത്തിയാണ് പ്രോജക്ട് നടപ്പിലാക്കിയത്. സമൂഹത്തിലെ ഏറ്റവും പരിഗണന നൽകേണ്ടുന്ന വിഭാഗത്തിന് പദ്ധതി നടപ്പിലാക്കുന്നതിലെ കാര്യക്ഷമത കുറവ് ആവർത്തിക്കാതിരിക്കുന്നതിന് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-9 പദ്ധതി ആസൂത്രണത്തിലെ പിഴവ്- അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പിലാക്കുന്നില്ല.

ചെക്യാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തിലെ പഞ്ചായത്ത് തല വർക്കിംഗ് ഗ്രൂപ്പ്, വികസനസെമിനാർ, ഗ്രാമസഭ/ ഊരുക്കൂട്ടം, ക്ഷേമകാര്യസ്റ്റാൻഡിംഗ്കമ്മറ്റി, പഞ്ചായത്ത് ഭരണസമിതി, ഡി.പി.സി. അംഗീകാരം എന്നിവയുടെ മിനുട്സ് പരിശോധിച്ചതിൽ താഴെ പറയുന്ന കാര്യങ്ങൾ ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ മേൽസമിതികളുടെ അംഗീകാരത്തിന് വിധേയമായി 2017-18 വർഷം പദ്ധതി രൂപീകരിക്കുകയും, തുക വകയിരുത്തുകയും ചെയ്തുവെങ്കിലും (ചില പദ്ധതികൾക്ക് മുകളിൽ ചേർത്ത എല്ലാ

സമിതികളുടെയും അംഗീകാരം ലഭിച്ചിട്ടില്ല) താഴെ പറയുന്ന പദ്ധതികൾ 2017-18 വർഷം നടപ്പിലാക്കിയിട്ടില്ല . വിശദാംശങ്ങൾ താഴെ നൽകുന്നു.

| ക്രമ നം | പ്രോജക്റ്റിന്റെ പേര്/നം | വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം | ഗ്രാമ സഭ/ ഊരുകൂട്ടം അംഗീകാരം | വികസന സെമിനാർ അംഗീകാരം | ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി അംഗീകാരം | പഞ്ചായത്ത് ഭരണ സമിതി അംഗീകാരം | ഡിപി.സി അംഗീകാരം/ അടങ്കൽ |
|---|---|---|---|---|---|---|---|
| 1 | പട്ടിക വർഗ്ഗ വിദ്യാർത്ഥി കൾക്ക് ലാപ്പ് ടോപ്പ് 194/2018 | വർക്കിംഗ് ഗ്രൂപ്പ് ചർച്ച ചെയ്തിട്ടില്ല. | 27.05.2017ലെ ഊരുകൂട്ടത്തിൽ ഗുണഭോക്താ ക്കളെ തെരഞ്ഞെടുത്തു | 8.06.2017 1/2017-18 | 10/2017 തീ. 08.06.2017 | 85(2)/17 തീയതി. 09.06.2017 | 41121/2017/ ഡിപിസി/ ഡിപിഒ കെകെ.ഡി .15.06.2017/ 1,50,000 |
| 2 | വയോജനങ്ങൾക്ക് പകൽവീട് 173/2018 | വർക്കിംഗ് ഗ്രൂപ്പ് യോഗം. നിർദ്ദേശംനം-2. 20.02.2017 | ഗ്രാമ സഭാ യോഗത്തിൽ ചർച്ച ചെയ്തിട്ടില്ല. | .8.06.2017 1/2017-18 | 10/2017 തീ.08.06.2017 | 85(2)/17 തീയ്യതി .09.06.2017 | 41121/2017/ ഡിപിസി ഡിപിഒ/ കെ.കെ,ഡി 15.06.2017/ 4,00,000/- |
| 3 | അംഗൻ വാടികൾക്ക് ഗ്യാസ് കണക്ഷൻ, പ്രഷർ കുക്കർ115/2018 | നിർദ്ദേശം നം-6 തീയ്യതി 27.05.2017 | ഗ്രാമ സഭാ യോഗത്തിൽ ചർച്ച ചെയ്തിട്ടില്ല | 8.06.2017 1/2017-18 | 10/2017 തീ.08.06.2017 | 85(2)/17 തീ .09.06.2017 | 41121/2017/ ഡിപിസ/ ഡിപിഒ/ കെകെഡി 15.06.2017/ 55,000./- |
| 4 | വിവാഹ ധനസഹായം (എസ്.സി) 93/2018 | ------ | ഗ്രാമ സഭാ യോഗത്തിൽ ചർച്ച ചെയ്തിട്ടില്ല | ------- | 10/2017തീ 08.06.2017 | 85(2)/17 തീ. 09.06.2017 | 41121/2017/ ഡിപിസി/ ഡി.പി.ഒ/ കെ.കെ,ഡി. 15.06.2017/ 1,50,000/- |

ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ മേൽനോട്ടത്തിൽ നടപ്പിലാക്കേണ്ടിയിരുന്ന മേൽ പദ്ധതികൾ നടപ്പിലാക്കുന്നതിൽ നേരിട്ട തടസ്സം സ്റ്റാന്റിംഗ് കമ്മിറ്റിയും മോണിറ്ററിംഗ് സമിതിയും യഥാസമയങ്ങളിൽ നിരീക്ഷിക്കുകയും നിർവ്വഹണ ഉദ്യോഗസ്ഥന് മാർഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തതായി കാണുന്നില്ല.വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി,വികസന സെമിനാർ എന്നീ ഘട്ടങ്ങളിലൂടെ കടന്നുവന്ന പദ്ധതികൾ നടപ്പിലാക്കുന്നു എന്ന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തേണ്ടതാണ്.

## 3-10 ഭവന നിർമ്മാണം - അപാകതകൾ

| | |
|---|---|
| പ്രോജക്ടിന്റെ പേര്/നം. | ലൈഫ് പൂർത്തീകരിണ ഭവനങ്ങളുടെ പൂർത്തീകരണം. (എസ്.ടി.) നം – 200/18 |
| അടങ്കൽ | 6,00,000/- (വികസനഫണ്ട്, ടി.എസ്.പി.) |
| ചെലവ് | 2,60,000/- |
| ബിൽ നം. | 3/2017-18 തീ. 28.02.2018, 7/2018 തീ. 26.03.2018 (സബ്ബ് ട്രഷറി, കല്ലാച്ചി) |
| നിർവ്വഹണം | വി.ഇ.ഒ. |

ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷം സ.ഉ(കൈ) 196 തിയ്യതി11.10.2017 ന്റെ അടിസ്ഥാനത്തിൽ മുൻ വർഷങ്ങളിൽ ഭവന നിർമ്മാണം ആരംഭിച്ചതും 2016 മാർച്ച് 31 നകം ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതുമായ പട്ടികവർഗ്ഗ ഗുണഭോക്താവായ ശ്രീമതി. സുമതി ചന്ദ്രൻ എളമ്പയിൽ എന്നവർക്ക് ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് ഭവന നിർമ്മാണം ലൈഫ് പ്രോജക്ടിൽ ഉൾപ്പെടുത്തി 6,00,000/- രൂപ വികസന ഫണ്ടിൽ (ടി.എസ്.പി ) വകയിരുത്തി പ്രോജക്ട് രൂപീകരിച്ചിട്ടുണ്ട്. (പ്രോജക്ട് നം. 200/2018) ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി തീരുമാനം 7/2018 തീയ്യതി. 09.02.2018, പഞ്ചായത്ത് ഭരണ സമിതി തീരുമാനം 12/2018 തിയ്യതി 14.02.2018 എന്നിവ പ്രകാരമാണ് പ്രോജക്ട് രൂപീകരിച്ചത്.

ഗ്രാമപഞ്ചായത്തിന്റെ 2005-06 വർഷത്തെ ഭവന നിർമ്മാണം (പട്ടിക വർഗ്ഗം) പദ്ധതിയിലുൾപ്പെട്ട ശ്രീമതി. സുമതി ചന്ദ്രൻ എളമ്പയിലിന് 2006-07ൽ ഭവന നിർമ്മാണം ഭാഗികമായി പൂർത്തിയാക്കിയതിന് 37,500 /- രൂപയും 2007/08 സാമ്പത്തിക വർഷം 20,000/- രൂപയും നൽകിയിട്ടുണ്ട്. ആകെ ധനസഹായം ലഭിക്കാനുള്ള 75,000/- രൂപയിൽ, ഭവന നിർമ്മാണം ഭാഗികമായി പൂർത്തിയാക്കിയതിനാൽ 57,500/- രൂപ ഓഡിറ്റ് തിയ്യതി വരെ നൽകിയിട്ടുണ്ട്.

2017-18 സാമ്പത്തികവർഷം ശ്രീമതി. സുമതി ചന്ദ്രന്റെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കിയതിൽ മുൻ വർഷങ്ങളിൽ ഭാഗികമായി പൂർത്തീകരിച്ചതും 57500 രൂപ അനുവദിച്ചതും പരിഗണിക്കാതെ പുതിയ ഭവന നിർമ്മാണത്തിനാവശ്യമായ നിലമൊരുക്കൽ, തറ നിർമ്മിക്കൽ, ചുമർ നിർമ്മാണം, മേൽക്കൂര നിർമ്മാണം എന്നിവ ഉൾപ്പെടുന്ന എസ്റ്റിമേറ്റാണ് തയ്യാറാക്കിയത് . ഭാഗികമായ ഭവന നിർമ്മാണം പൂർണ്ണമാക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രോജക്ട് രൂപീകരിച്ച് തുക അനുവദിക്കുന്നതിന് പകരം പുതിയ ഭവന നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി 6,00,000/- രൂപ വകയിരുത്തി 2017-18 വർഷം 2,60,000/- രൂപ അനുവദിക്കുകയാണുണ്ടായത്. നിർവ്വഹണ ഉദ്യോഗസ്ഥൻ സ്ഥലപരിശോധന നടത്താതെയും മുൻ ഫയൽ പരിശോധിക്കാതെയും എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാലാണ് അധിക തുക അടങ്കലിലുൾപ്പെടാൻ ഇടയാക്കിയത്. യഥാർത്ഥ സ്ഥിതി പരിശോധിക്കാതെ അടങ്കൽ തയ്യാറാക്കിയതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും വിസദീകരണം വാങ്ങേണ്ടതും , അവശേഷിക്കുന്ന പ്രവൃത്തി ഇനങ്ങൾക്ക് മാത്രമായി അടങ്കൽ തയ്യാറാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-11 പഠനമുറി പൂർത്തിയാക്കിയില്ല

പ്രോജക്ടിന്റെ പേര്/നം - പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി

177/2018

അടങ്കൽ - 2,00,000/-

(1,75,800/-വികസന ഫണ്ട്)

24,200/- തനത് ഫണ്ട്)

ചെലവ് - 1,00,000/-

ബിൽ നം – 6/2017-18തീ.28.02.2018 (സബ്ബ് ട്രഷറി, കല്ലാച്ചി)

നിർവ്വഹണം – വി.ഇ.ഒ.

മേൽ പദ്ധതിയുടെ നിർവ്വഹണ കാലയളവ് പ്രോജക്റ്റ് നിർവ്വഹണ കലണ്ടർ പ്രകാരം 2017 ഏപ്രിൽ മുതൽ 2018 മാർച്ച് വരെയാണ്. വളയം ഗവ. ഹൈസ്കൂളിലെ 10ാംതരം വിദ്യാർത്ഥി സാന്ദ്രചന്ദ്രന, വിളക്കോട്ടൂർ എൽ.പി. സ്കൂളിലെ മൂന്നാതരം വിദ്യാർത്ഥി റിഉൽ ശ്യാം എന്നിവർക്ക് 2017-18 സാമ്പത്തിക വർഷം 50,000/-രൂപ വീതം നൽകിയതല്ലാതെ തൻവർഷം പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല. പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് മോണിറ്ററിംഗ് സമിതി, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി എന്നിവരുടെ നിരന്തര മേൽനോട്ടവും നിരീക്ഷണവും ആവശ്യമാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 85000 | പച്ചക്കറി വികസനം 86/17-18 | 85000 | - |
| | 300000 | കിണർ റീചാർജിംഗ് 103/17-18 | - | 300000 |
| | 60000 | ഭിന്നശേഷി വിദ്യാർഥികൾക്ക് സ്ക്കോളർഷിപ്പ് 155/17-18 | 59920 | 80 |
| | 200000 | മിൽക്ക് ഇൻസെന്റീവ് 170/17-18 | 198932 | 1068 |
| ജില്ലാ പഞ്ചായത്ത് | 300000 | കിണർ റീചാർജിംഗ് 103/17-18 | - | 300000 |
| | 20000 | ഭിന്നശേഷി വിദ്യാർഥികൾക്ക് സ്ക്കോളർഷിപ്പ് | 20000 | - |

### 4-2 നിക്ഷേപ പ്രവവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈറ്റ് മെയിൻ സ്ഥാപിക്കൽ 181/17-18 | 24/17-18 തീ.28/ 03/18 | 576485 | - | പൂർത്തീകരിച്ചില്ല | 576485 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈറ്റ് മെയിൻ | 25/17-18 തീ. | 99996 | - | പൂർത്തീകരിച്ചില്ല | 99996 |

| | | | | | | | |
|---|---|---|---|---|---|---|---|
| | സ്ഥാപിക്കൽ 205/17-18 | 28/03/18 | | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

(i)വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

ഇല്ല

(ii) വായ്പ തിരിച്ചടവിന്റെ വിവരം.

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | - |
| തൻവർഷം നിക്ഷേപിച്ച തുക | 500000 |
| ആകെ | 500000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 500000 |

(2015-16) വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം, |
|---|---|---|
| ചെക്യാട് സർവ്വീസ് സഹകരണ ബാങ്ക് | 500000 | എഫ്.ഡി.നം.8530തീ.09/03/18 |

(1996 ലെ കേരള പഞ്ചായത്ത് രാജ് ഫണ്ട് നിക്ഷേപിക്കലും പിൻവലിയ്ക്കലും ചട്ടങ്ങളുടെ ലംഘനം ഉണ്ടെങ്കിൽ വിശദമായി ഉൾപ്പെടുത്തേണ്ടതാണ്).

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 4284 രൂപ ഈടാക്കിയിട്ടുണ്ട്

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | തുക | ഒടുക്കിയത് | രശീത് നം. |
|---|---|---|---|---|
| ലഭ്യമല്ല | ലഭ്യമല്ല | 2500 | സെക്രട്ടറി | 117010100853 തീ.19/07/17 |
| 2014-15 | 3-4 | 1784 | മോഹൻദാസ് | 117010100865 തീ.20/07/17 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | രേഖപ്പെടുത്തിയിട്ടില്ല | 2001-02 | 11 | ഉമ്മത്തൂർ ജലസേചന പദ്ധതി | അക്കൗണ്ട്സ് കമ്മിറ്റി റിപ്പോർട്ട് 2006-08(11) ഖണ്ഡിക 130,131 പ്രകാരം സമയ ബന്ധിതമായി തീർപ്പാക്കു ന്നതിനും ഇപ്പോഴത്തെ അവസ്ഥ അറിയിക്കുന്ന തിനും ആവശ്യപ്പെട്ടു |
| 2000-01 | രേഖപ്പെട്ട ത്തിയിട്ടില്ല | 2004-05 | 3-48 | നികുതി പിരിവിൽ അലംഭാവം | ലഭ്യമല്ല |
| 2001-02 | രേഖപ്പെടുത്തിയിട്ടില്ല | 2003-04 | പൊതുപരാമർശം | മരാമത്ത് പ്രവൃത്തിക്ക് മുൻകൂർ നൽകി | ലഭ്യമല്ല |
| രേഖപ്പെടുത്തിയിട്ടില്ല | 1-5 | 2004-05 | പൊതുപരാമർശം 2-9 | ബജറ്റ് അംഗീകരിച്ചില്ല | ലഭ്യമല്ല |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 53780903 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 68922724.97 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 26000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി- യിലേയും സി- യിലേയും തുകയാണ്. )

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 26000 | ഇബ്രായി.കെ.എൻ,കൃഷിഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല.

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

2-2

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ പേരും സ്ഥിരം

മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഇബ്രായി.കെ.എൻ<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ<br>തൂണേരിബ്ലോക്ക് ഓഫീസ് | കുമുള്ളുമ്മൽ,<br>നടുക്കണ്ടം<br>പാതിരിപ്പറ്റ(പി.ഓ) |

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സപ്പെടുത്തലിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും
ഇല്ല.

## 4-10 <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽ.എഫ്.എസ്.2/1135/99തീ.08 /11/99 | 6 (31, 34, 35, 36, 37, 38) |
| 1998-99 | എൽ.എഫ്.എസ്.2/1377/01തീ.08 /11/99 | 11,( 20, 34, 36, 40, 42, 43, 44, 45, 46, 47(3), 47(4), 48) |
| 1999-00 | എൽ.എഫ്.എസ്.2/1606/01തീ.07 | 3, (29, 33, 35) |

| | | |
|---|---|---|
| | /06/99 | |
| 2000-01 | എൽ.എഫ്.എസ്.1/1102/03തീ.04 /12/03 | 19, (7,8, 9(എ, ബി.) 10, (ഡി.സി.ബി.), 2, 3, 4, 5, 6, 7, 8, 9, 10, 11, 12) |
| 2001-02 | എൽ.എഫ്.പി.2/117/05തീ.06/08/05 | 3, (3-2, 3-3, 3-4) |
| 2002-03 | എൽ.എഫ്.എസ്.1/1017/06തീ.04 /11/06 | 4, (3-3, 3-5, 3-6, 3-7) |
| 2003-04 | എൽ.എഫ്. കെ.കെ.ഡിഎസ്.1/708 /07തീ.05/10/07 | 8, (3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8) |
| 2004-05 | എൽ.എഫ്. കെ.കെ.ഡി.പി.5/1336 /09തീ.05/10/09 | 11,( 3-1 മുതൽ 3-11 വരെ) |
| 2005-06 | എൽ.എഫ്. കെ.കെ.ഡി.പി.5/1338 /09തീ.05/10/09 | 14, (3-1 മുതൽ 3-14 വരെ) |
| 2006-07 | എൽ.എഫ്. കെ.കെ.ഡി.പി.5/1339 /09തീ.05/10/09 | 17, (2-1 മുതൽ 2-7 വരെ<br>3-1 മുതൽ 3-10 വരെ) |
| 2007-08 | എൽ.എഫ്. കെ.കെ.ഡി.എസ്.1/141 /10തീ.09/05/2010 | 19 (3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-12, 3-14, 3-15, 3-17, 3-20, 3-22, 3-24, 4-4, 4-7) |
| 2008-09 | എൽ.എഫ്. കെ.കെ.ഡി.പി.11/230 /12തീ.24/08/12 | 24 (1-2,, 1-3, 1-4, 1-5, 2-1, 2-2, 2-3, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 4-1, 4-2, 4-3, 4-6, 4-7) |
| 2009-10 | എൽ.എഫ്. കെ.കെ.ഡി.പി.11/1407 /12തീ.24/08/12 | 37 (1-1, 1-2, 1-3, 1-4, 1-5, 1-6, 1-7, 1-8, 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 2-8, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 4-1, 4-2, 4-3) |
| 2010-11<br>2011-12 | എൽ.എഫ്. കെ.കെ.ഡി.പി.11/77 /13തീ.18/07/13 | 17 (2-2 മുതൽ 2-3 വരെ<br>3-1 മുതൽ 3-17 വരെ) (3-10, 3-17 ഒഴികെ) |
| 2012-13 | എൽ.എഫ്. കെ.കെ.ഡി.പി.11/1447 /16തീ.07/01/16 | 10 (2-2, 3-1, 3-2, 3-3, 3-4, 3-7, 3-9, 3-11, 4-3, 4-10 ബി |
| 2013-14<br>2014-15 | എൽ.എഫ്. കെ.കെ.ഡി.പി.11/1276 /16തീ.20/07/16 | 13 (2-1, 2-2, 3-2, 3-3, 3-4, 3-6,സ 3-8, 3-9, 3-10, 3-12, 3-13, 3-14, 3-16) |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി.11/2137 /2016തീ. | 20 (2-5, 2-7, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, |

| | | |
|---|---|---|
| | 17/12/16 | 3-13, 3-15, 3-17, 3-18, 3-20, 3-21) |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി.11/1565 /2017തീ.<br>10/08/17 | 4 (2-1, 3-1, 3-2, 3-5) |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം.1

## ഓഡിറ്റ് സാക്ഷ്യപത്രം

നം:കെ.എസ്.എ.കെ.കെ.ഡി.പി.11/1959/2018 തിയതി: 05.10.2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും --കോഴിക്കോട് ജില്ലയിലെ ചെക്യാട് ഗ്രാമപഞ്ചായത്തിന്റെ --- 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ജോയിന്റ് ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്